2023
APRIL
20
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

### 726 എ ഐ ക്യാമറകൾ ഇന്നു മുതൽ സജ്ജം

## സൂക്ഷിച്ചില്ലെങ്കിൽ ഇനി പിടിവീഴും



**കൊച്ചി:** ട്രാഫിക്ക് നിയമലംഘനങ്ങൾ പിടികൂടാൻ മോട്ടോർ വാഹന വകുപ്പിന്റെ അത്യാധുനിക രീതിയിലുള്ള 726 എ ഐ ക്യാമറകൾ ഇന്നു മുതൽ പ്രവർത്തന സജ്ജമാകും.ഏഴു നിയമലംഘനങ്ങളാകും പ്രധാനമായും ഐ ഐ ക്യാമറകൾ ഒപ്പിയെടുക്കുക.ഇവയ്ക്കെല്ലാം കൃത്യമായ പിഴയും ഈടാക്കും.ഇനി ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനങ്ങളിൽ പാഞ്ഞാൽ 500 രൂപ പിഴയൊടുക്കണം.സീറ്റു ബൽറ്റ് ധരിച്ചില്ലെങ്കിൽ പിഴ 500 രൂപ,ഇരു ചക്രവാനങ്ങളിൽ രണ്ടിൽകൂടുതൽ പേർ യാത്ര ചെയ്താൽ ആയിരം രൂപയാണ് പിഴയായി അടയ്ക്കേണ്ടിവരിക.ഫോൺ ഉപയോഗിച്ചു കൊണ്ട് ഡ്രൈവ് ചെയ്താൽ  2000 രൂപ പിഴയൊടുക്കേണ്ടിവരും.അനധികൃതമായി പാർക്ക് ചെയ്താൽ 250 രൂപയാണ് പിഴ.ജംഗ്ഷനുകളിൽ ചുവപ്പ് സിഗ്നൽ ലംഘിച്ചുകൊണ്ട് വാഹനത്തിൽ പായുന്നവരുടെ കേസുകൾ കോടതിക്കു കൈമാറും. കോടതിയായിരിക്കും ഇത്തരം കേസുകളിൽ ശിക്ഷ വിധിക്കുക. കാറിന്റെ പിൻസീറ്റിൽ ഇരിക്കുന്നവർ സീറ്റു ബൽറ്റ് ധരിച്ചിട്ടുണ്ടോയെന്ന് ആദ്യഘട്ടത്തിൽ പരിശോധിക്കില്ല.മുൻ സീറ്റിൽ ഇരിക്കുന്നവരുടെ സീറ്റ് ബെൽറ്റ് മാത്രമാകും പരിശോധിക്കുക.ലൈൻ ട്രാഫിക് ലംഘനങ്ങൾ ആദ്യ ഘട്ടത്തിൽ പരിശോധിക്കില്ലെന്നാണ് വിവരം.അതേ സമയം ഇരു ചക്രവാഹനങ്ങളിൽ രണ്ടിൽകുടുതൽ പേരെയുമായി യാത്രചെയ്താൽ പിഴയീടാക്കുന്നത് ഏറ്റവും അധിക ബാധിക്കുക കുടുംബങ്ങളെയായിരിക്കും. കുട്ടികളാണെങ്കിലും മൂന്നു പേർ ഇരു ചക്രവാഹനത്തിൽ യാത്ര ചെയ്താൽ പിഴയൊടുക്കേണ്ടിവരുമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.രാത്രിയിലുൾപ്പെടെ നടക്കുന്ന നിയമലംഘനങ്ങൾ വ്യക്തതയോടെ തിരിച്ചറിയാൻ സാധിക്കുമെന്നതാണ് എ.ഐ. ക്യാമറകളുടെ സവിശേഷത. സാധാരണ സി.സി. ടി.വി. ക്യാമറകളെക്കാൾ കൂടുതൽ വ്യക്തതയുള്ള ചിത്രങ്ങളാണ് ലഭിക്കുക. വാഹനത്തിനകത്ത് ഇരിക്കുന്നവരുടേതടക്കം വ്യക്തമായ ചിത്രം ലഭിക്കും. കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിലും ഇത്തരം ക്യാമറകൾ സഹായമാകും. അതേ സമയം നിയമം ലംഘിക്കുന്നവരുടെ ദൃശ്യങ്ങളാകും ക്യാമറയിൽ പതിയുകയെന്നും അല്ലാത്തവരുടെ ദൃശ്യങ്ങൾ പതിയുകയില്ലെന്നും ഗതാഗത കമ്മീഷണർ എസ് ശ്രീജിത്ത് പറഞ്ഞു.

# ഫയൽ നീക്കത്തിന് വേഗത പോര : മുഖ്യമന്ത്രി



**തിരുവനന്തപുരം:** ഫയൽ നീക്ക സമ്പ്രദായത്തിനും മികച്ച വേഗം കൈവരിക്കാൻ കഴിയണമെന്നും സർക്കാർ ഫയലുകൾ ഉദ്യോഗസ്ഥർ ജീവകാരുണ്യ മനോഭാവത്തോടെവേണം കൈകാര്യം ചെയ്യേണ്ടതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ഉദ്യോഗസ്ഥരുടെ പൂർണ മനസോടുകൂടിയ ഇടപെടലുണ്ടായാൽ ഭരണനിർവഹണം തീർത്തും ജനോന്മുഖമാകുമെന്നും അദ്ദേഹം പറഞ്ഞു. സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ളവരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.ഓരോ ഫയലിലുമുള്ളതു തുടിക്കുന്ന ജീവിതമാണെന്നു മുഖ്യമന്ത്രി പറഞ്ഞു. അത്തരം ഫയലുകൾ മരിക്കണോ ജീവിക്കണോ എന്നു നിശ്ചയിക്കാൻ അധികാരമുള്ളവരാണു സർക്കാർ ജീവനക്കാർ. അസിസ്റ്റന്റ് തലത്തിൽനിന്നു മുകളിലേക്കെത്തുന്ന ജീവിതവുമായി ബന്ധപ്പെട്ട ഫയലുകൾ ഫയലുകൾ ആദ്യ കുറിമാനംകൊണ്ടുതന്നെ ചിലപ്പോൾ മരിക്കാം. എന്നാൽ, മരിച്ചേക്കാവുന്ന ഫയലിനെ ഉദ്യോഗസ്ഥർക്കു ജീവിപ്പിക്കാനുമാകും. അങ്ങനെ ജീവിക്കുന്ന ഫയലുകൾക്കൊപ്പം നിലനിൽക്കുന്നതു കുറേ മനുഷ്യരുടെ ജീവിതംതന്നെയാണ്. ആ ജീവകാരുണ്യ മനോഭാവം ഫയലൽനോട്ട സമ്പ്രദായത്തിലുണ്ടാകണം. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാതെ, അവ നിലനിർത്തിക്കൊണ്ടുപോകാൻ എന്തു പഴുതുണ്ടെന്നു സൂക്ഷ്മമായും സാങ്കേതികമായും നോക്കുന്ന രീതിയായിരുന്നു ബ്രിട്ടിഷ് ഭരണകാലത്ത് ഉദ്യോഗസ്ഥർക്കുണ്ടായിരുന്നത്. ആ മനോഭാവം ഇപ്പോഴും ഫയലുകളുടെ ചുവപ്പു ചരടുകളിൽ തങ്ങിനിൽക്കുന്നുണ്ട്. അതു പൂർണമായി മാറണം.ജനങ്ങളുടേയും നാടിന്റെയും താത്പര്യമാണു മന്ത്രിസഭയെ നയിക്കുന്നത്. തയാറാക്കുന്ന പദ്ധതികൾ വേഗത്തിൽ ഫലപ്രദമായി നടപ്പാക്കണമെന്നാണു സർക്കാരിന്റെ നിലപാട്. പദ്ധതികളുടെ സദ്ഫലം ജനജീവിതത്തിലും നാടിന്റെ മുഖഭാവത്തിലും പ്രകടമാകണം. ഇതിനു ഭരണനിർവഹണം അതിവേഗത്തിലാകണം. ഫയൽ നീക്ക സമ്പ്രദായത്തിനും മികച്ച വേഗം കൈവരിക്കാൻ കഴിയണം. ഒരു സർക്കാർ ഉത്തരവിലൂടെ വരുത്താവുന്നതല്ല ഈ വേഗം. ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റംവരുത്തി ഇതു യാഥാർഥ്യമാക്കണം.സർക്കാർ നയപരമായി തീരുമാനിച്ചതും ബജറ്റിൽ ഉൾപ്പെടുത്തിയതുമായ പദ്ധതികളിൽ ചിലതു പൂർണമായി നടപ്പാകാതെയിരിക്കുന്നുണ്ട്. പദ്ധതിനിർവഹണം ഉദ്യോഗസ്ഥലതലത്തിൽനിന്നു പ്രായോഗികതലത്തിലേക്കു നീങ്ങണമെങ്കിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഇടയ്ക്കിടയ്ക്കു യോഗം വിളിക്കണമെന്ന സ്ഥിതിയുണ്ട്. ഈ രീതി ഇല്ലാതാക്കണം. വകുപ്പുകൾ തമ്മിൽ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ സംവിധാനങ്ങൾ നിലവിൽ ഇല്ലെന്നതും വലിയ പോരായ്മയാണ്. അതുണ്ടായാലേ ജനക്ഷേമ നടപടികൾ ഫലപ്രദമായി നടപ്പാക്കാനാകൂ. ജനങ്ങൾ ആഗ്രഹിക്കുന്ന സിവിൽ സർവീസ് നൽകുകയെന്നതാണു സർക്കാരിന്റെ ചുമതല. അത് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം സർക്കാർ ഉദ്യോഗസ്ഥർക്കുണ്ട്.സർക്കാർ സർവീസിൽ പുതുതായെത്തുന്നവരെ നിശ്ചിത കാലംകൊണ്ടു സമർഥരായ ഉദ്യോഗസ്ഥരായി വാർത്തെടുക്കുന്ന സംസ്കാരം ഉയർന്ന ഉദ്യോസ്ഥരിൽ നേരത്തേയുണ്ടായിരുന്നു. ഈ രീതിക്കു കഴിഞ്ഞ കുറേ വർഷങ്ങളായി മാറ്റം വന്നിട്ടുണ്ട്. ഉദ്യോഗസ്ഥർ ആത്മപരിശോധന നടത്തണം. ഫയൽ എഴുതുമ്പോൾ തെറ്റുപറ്റാം. ഒരു ഫയൽ ഈ വിധത്തിൽ പോയാൽ കുഴപ്പങ്ങളുണ്ടാകുമെന്നു ചൂണ്ടിക്കാട്ടാൻ ഏതു തട്ടിലുള്ളവർക്കും ധൈര്യമുണ്ടാകണം. അതിന് ഈഗോ വെടിഞ്ഞ് ഉൾക്കൊള്ളാനുള്ള മനസ് ഉയർന്നതട്ടിലുള്ളവർക്കുണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## റിച്ച് പാൽ വില വർധന പിൻവലിച്ച് മിൽമ

**കൊച്ചി:** മിൽമ റിച്ച്(പച്ചകവർ)പാൽ വർധന എതിർപ്പുകളെ തുടർന്ന് പിൻവലിച്ചു.മിൽമ സ്മാർട്ടിന്റെ വില വർധിപ്പിച്ചത് പിൻവലിച്ചിട്ടില്ല.സർക്കാരറിയാതെയാണ് മിൽമ വില വർധിപ്പിച്ചതെന്ന ആരോപണവും  ഉയർന്നിരുന്നു.29 രൂപയായിരുന്ന അര ലിറ്റർ റിച്ച് കവർ പാലിന് ഒരു രൂപ വർധിപ്പിച്ച് 30 രൂപയും 24 രൂപയായിരുന്ന സ്മാർട് കവർ പാലിന് 25 രൂപയുമാക്കിയായിരുന്നു മിൽമ വില വർധിപ്പിച്ചത്.എന്നാൽ മിൽമ വില വർധിപ്പിച്ചത് സർക്കാർ അറിയാതെയായിരന്നുവെന്നായിരുന്നു മന്ത്രി ജെ.ചിഞ്ചു റാണി പറഞ്ഞത്. മിൽമയാണ് വില നിശ്ചയിക്കേണ്ടത്.അവർക്ക് അതിനുള്ള അധികാരവുണ്ട്.അതേ സമയം മിൽമ സർക്കാരിന്റെ കീഴിലുള്ള സ്ഥാപനവുണ്.പാൽവിലയിൽ വർധനവുണ്ടാക്കുമ്പോൾ സർക്കാരിനെ അറിയിക്കേണ്ടത് അവരുടെ ചുമതലയാണ്.അതിൽ വീഴ്ചയുണ്ടായെന്നും മന്ത്രി ചിഞ്ചു റാണി വ്യക്തമാക്കി.



# ജനങ്ങളെ മറന്നുകൊണ്ടുള്ള വന സംരക്ഷണം സർക്കാരിന്റെ നയമല്ല : മന്ത്രി എ.കെ ശശീന്ദ്രൻ

**കൊച്ചി:** വനം, വന്യജീവി വിഷയങ്ങളിൽ ജനകീയനിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ പറഞ്ഞു. കുട്ടമ്പുഴയിൽ വന സൗഹൃദ സദസ്സ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളെ മറന്നുകൊണ്ടുള്ള വന സംരക്ഷണം സർക്കാരിന്റെ നയമല്ല. കാടിനെ സംരക്ഷിക്കുക നാടിനെ കേൾക്കുക എന്നതാണ് വന സൗഹൃദ സദസുകൾ വഴി ലക്ഷ്യമിടുന്നത്. ഏപ്രിൽ രണ്ടിന് വയനാട് ജില്ലയിലെ മാനന്തവാടിയിൽ തുടക്കം കുറിച്ച ഈ ഉദ്യമം കുട്ടമ്പുഴയിൽ എത്തി നിൽക്കുകയാണ്. ഏറെ വിജയകരമായാണ് ഓരോ വന സൗഹൃദ സദസുകളും നടന്നുവരുന്നതെന്നും അദ്ദേഹം പറഞ്ഞു. വനം വകുപ്പ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കാൻ ഈ പരിപാടി ഏറെ സഹായിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കി മുൻപോട്ട് പോവുകയാണ് ലക്ഷ്യം. ജനവാസ മേഖലകളെ ബഫർ സോണിൽ നിന്ന് ഒഴിവാക്കാൻ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. തട്ടേക്കാട് പക്ഷിസങ്കേതത്തിൽ നിന്നും ഒൻപത് ചതുരശ്ര കിലോ മീറ്റർ ജനവാസ മേഖല ഒഴിവാക്കുന്നതിനുള്ള ശുപാർശ രണ്ടാഴ്ച്ചയ്ക്കകം കേന്ദ്ര സർക്കാരിന് സമർപ്പിക്കും. തങ്ങൾക്ക് മുന്നിലെത്തുന്നസങ്കീർണമല്ലാത്ത വിഷയങ്ങളിൽ രണ്ടാഴ്ച്ചയ്ക്കകം പരിഹാരമുണ്ടാക്കാൻ ഉദ്യോഗസ്ഥർ ശ്രമിക്കണം. പരാതികളും നിവേദനങ്ങളുമുള്ളവർ 'പരിവേഷ് പോർട്ടൽ' വഴി പരിഹാരം തേടാൻ ശ്രമിക്കണം. വന്യജീവികൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നിർണയിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് അനുകൂലമായ നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. ഈ വിഷയത്തിൽ പരിമിതികൾ ഏറെയുണ്ടെങ്കിലും ജനോപകാരപ്രദമായി സാധ്യമാകുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. വന മേഖലയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിയ്ക്കുന്നത് സംബന്ധിച്ച് ന്യായമായ തീരുമാനം കൈക്കൊള്ളും. കാടിന്റെ സ്വാഭാവികതയെ മാറ്റിമറിയ്ക്കുന്ന വൃക്ഷങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചു നീക്കി പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. വിവിധ ആവശ്യങ്ങൾക്കായി വനം വകുപ്പിന്റെ നിരാക്ഷേപ പത്രം (എൻ.ഒ.സി) തേടുന്നവർക്ക് സ



മയബന്ധിതമായി ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ജില്ലയിൽ 20 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ജനങ്ങളെ കേൾക്കുക എന്ന നയമാണ് സർക്കാരിനുള്ളതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ജനങ്ങൾക്ക് ഭരണത്തിൽ ക്രിയാത്മകമായി ഇടപെടാനുള്ള അവസരമാണ് ഇത്തരം പരിപാടികളിലൂടെ ലഭിക്കുന്നത്. നിയമ വകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന മന്ത്രി എന്ന നിലയിൽ വനം, വന്യജീവി വിഷയങ്ങളിൽ സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്ക് എന്തൊക്കെ ചെയ്യാൻ കഴിയും എന്നത് സംബന്ധിച്ച് പ്രത്യേക ചർച്ച നടത്തി തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. വന, വനാതിർത്തികളോട് ചേർന്ന് വസിക്കുന്ന പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുക മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ വിദഗ്ദ്ധരിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുക, വനം വകുപ്പ് കൈക്കൊള്ളുന്നതും സ്വീകരിച്ചു വരുന്നതുമായ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളിലൂന്നിയാണ് വനസൗഹൃദ സദസ്സ് സംഘടിപ്പിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് ഇത്തരമൊരു കർമ്മപരിപരിപാടി നടപ്പിലാക്കുന്നത്.

# ആയുഷ് മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ഏകീകൃത രൂപം കൊണ്ടു വരും: മന്ത്രി വീണാ ജോർജ്

**കൊച്ചി:** ആയുഷ് മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ഏകീകൃത രൂപം കൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹൈബി ഈഡൻ എം പി, എം എൽ എ ആയിരുന്ന കാലയളവിൽ എറണാകുളം ജില്ലാ സർക്കാർ ഹോമിയോ ആശുപത്രിയിൽ അനുവദിച്ച തുക കൊണ്ട് നിർമ്മിച്ച ഐ പി കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ആശുപത്രികളുടെ വികസനവുമായി ബന്ധപ്പെട്ട് ഒരു ഏകീകൃത സ്വഭാവം കൊണ്ട് വരും. അതിന് വേണ്ടി കേന്ദ്ര ചികിത്സാ വകുപ്പിന്റെ കൂടി സഹകരണത്തോടെ പുതിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു ഗ്യാസ്ട്രോ സർജൻ, ന്യൂറോ സർജൻ എന്നിവരുടെ സേവനം ലഭ്യമല്ലെന്ന് ഹൈബി ഈഡൻ എം പി മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. ജനറൽ ആശുപത്രിയിൽ ന്യൂറോ സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മന്ത്രി അറിയിച്ചു. ജനറൽ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി, ധനമന്ത്രി, ആരോഗ്യ മന്ത്രി എന്നിവർ യോഗം ഉടൻ ചേരുമെന്നും മന്ത്രി പറഞ്ഞു.കളമശ്ശേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മാർട്ടം സംബന്ധിച്ചുണ്ടാകുന്ന കാലതാമസങ്ങളും പരാതികളും പരിഹരിക്കണമെന്നും എം.പി. ആവശ്യപ്പെട്ടു. തുടർ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി മറുപടി നൽകി. വ്യക്തിയുടെ ആരോഗ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് ആയുഷ് മേഖലയ്ക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. വളരെ ശോചനീയ അവസ്ഥയിൽ ജില്ലാ ഹോമിയോ ആശുപത്രിയെ മികച്ച മാതൃക ആക്കി മാറ്റിയതിന് ഹൈബി ഈഡൻ എം പിയെ മന്ത്രി അഭിനന്ദിച്ചു.ഹൈബി ഈഡൻ എം പി, എം എൽ എ ആയിരുന്ന 2017 18 കാലയളവിലാണ് ഐ പി കെട്ടിട നിർമ്മാണത്തിന് എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.52 കോടി രൂപ അനുവദിക്കുന്നത്. അതിന് മുൻപ് എം എൽ എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും അദ്ദേഹം ഒ പി ബ്ലോക്കിനായി അനുവദിച്ചിരുന്നു. വളരെ ശോചനീയ അവസ്ഥയിൽ ഇടിഞ്ഞു വീഴാറായിരുന്ന ജില്ലാ ഹോമിയോ ആശുപത്രി ഇതോടെ മികച്ച സൗകര്യങ്ങളുള്ള ആശുപത്രിയായി മാറിയിരിക്കുകയാണ്.25 കിടക്കകളുള്ള പുതിയ ഐ പി ബ്ലോക്കിൽ ക്ലിനിക്കൽ ലബോറട്ടറി, പെയ്ൻ & പാലിയേറ്റീവ് യൂണിറ്റ്, എമർജൻസി റൂം, അടുക്കള, ജനറൽ വാർഡ്, പേ വാർഡ് , ഓഫീസ് , യോഗ കേന്ദ്രം എന്നിവയാണ് പുതിയ ഐ പി ബ്ലോക്കിൽ ഉള്ളത്. ഐ പി ബ്ലോക്കിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്ത് തുക അനുവദിച്ചിരുന്നു.നിലവിൽ ജില്ലാ ഹോമിയോ ആശുപത്രി



യിൽ വന്ധ്യതാ നിവാരണ ക്ലിനിക്കായ ജനനി, ജീവിത ശൈലി രോഗങ്ങൾക്കുള്ള ആയുഷ്മാൻ ഭവ, കുട്ടികളുടെ ബൗദ്ധിക മാനസീക വികസനം ലക്ഷ്യമാക്കിയ സദ്ഗമയ, കിടപ്പു രോഗികൾക്ക് സാന്ത്വനവും പരിചരണവും നൽകുന്ന ചേതന, നാഷണൽ ആയുഷ് മിഷന്റെ പദ്ധതിയായ ആസ്തമ അല്ലർജി ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്.ഹൈബി ഈഡൻ എം പി അധ്യക്ഷത വഹിച്ച ചടങ്ങിൽ ടി. ജെ. വിനോദ് എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, വൈസ് പ്രസിഡന്റ് സനിത റഹീം, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ എം ജെ ജോമി, പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ആശ സനൽ, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശാരദ മോഹൻ, മനോജ് മൂത്തേടൻ, ഷൈമി വർഗീസ്, എൽസി ജോർജ്, കൗൺസിലർ ബിന്ദു ശിവൻ, നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എം.എസ്. നൗഷാദ്, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ നിഖിലേഷ് മേനോൻ, ആശുപത്രി സൂപ്രണ്ട്. ഡോ. മേഴ്സി ഗോൺസാൽവസ്, ഫിനാൻസ് ഓഫീസർ ജോബി തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## ക്യാമ്പയിൻ പരിശീലനം

**കൊച്ചി:** നവകേരളം: വൃത്തിയുള്ള കേരളം, വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനത്തിന് ജില്ലയിൽ തുടക്കമായി. ഇതിന്റെ ഭാഗമായി ജില്ലാതല പരിശീലക പരിശീലനം എറണാകുളം ഇ.എം.എസ് ഹാളിൽ നടന്നു.മാലിന്യമുക്ത കേരളമെന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് സർക്കാർ പുതിയ പ്രചാരണം തുടങ്ങിയത്. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള മുഴുവൻ മാലിന്യവും ജൂൺ അഞ്ചിനകം ജൈവം, അജൈവം എന്നിങ്ങനെ തരംതിരിക്കുകയും, തുടർന്ന് ഇവ കൃത്യമായി നിർമാർജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും മാലിന്യമുക്ത പൊതുയിടങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാതല പരിശീലക പരിശീലനത്തിന് ശേഷം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തലത്തിലും, മറ്റ് ഉദ്യോഗസ്ഥ തലത്തിലും പരിശീലനം നടത്തും. തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം ഷഫീഖ്, ശുചിത്വമിഷൻ ജില്ല കോഓഡിനേറ്റർ പി എച്ച് ഷൈൻ, നവകേരളം കർമ്മ പദ്ധതി ജില്ലാ കോഓഡിനേറ്റർ രഞ്ജിനി, കില ജില്ലാ ഫെസിലിറ്റേറ്റർ ജുബൈരിയ, ശുചിത്വമിഷൻ റിസോഴ്സ് പേഴ്സന്മാർ, നവകേരളം കർമ്മ പദ്ധതി റിസോഴ്സ് പേഴ്സൺമാർ, കുടുംബശ്രീ ജില്ലാ തല ഉദ്യോഗസ്ഥർ, കുടുംബശ്രീ ബ്ലോക്ക് കോഓർഡിനേറ്റർ, കില ബ്ലോക്ക് അസ്സി. ഫാക്കൽറ്റി, ആർ എസ് ജി എ ബ്ലോക്ക് കോർഡിനേറ്റർ, കില റിസോഴ്സ് പേർഴ്സണമാർ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

## ഫോട്ടോഗ്രാഫി മത്സരം

കൊച്ചി:കാർഷിക വിപണന രംഗത്ത് പുത്തൻ ഉണർവേകുവാനും കേരളത്തിലെ കാർഷിക വിളകൾ ഒരേ ബ്രാൻഡോടു കൂടി ഒരു കുടക്കീഴിൽ വിപണിയിലെത്തിക്കുവാനും ഓൺലൈൻ വിപണന സംവിധാനം പരമാവധി പ്രയോജനപ്പെടുത്തുവാനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'കേരൾ അഗ്രോ ഓൺലൈൻ വിപണനത്തിന്റെ' പ്രചാരാണാർത്ഥം ജില്ലയിൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നതിലേക്കായി സംഘടിപ്പിക്കുന്ന ഈ മത്സരത്തിൽ 15 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ഫോട്ടോ ലഭ്യമാക്കേണ്ടതാണ്.ഫോട്ടോ നിർബന്ധമായും ഷുഴഴ ഫോർമാറ്റിൽ ആയിരിക്കേണ്ടതാണ്. ഫോട്ടോ ഒരു എംബി യിൽ താഴെയാകുവാൻ പാടുള്ളതല്ല. ഒരു മത്സരാർത്ഥി രണ്ട് ഫോട്ടോകൾ മാത്രമേ അയക്കേണ്ടതുള്ളൂ. അയക്കുന്ന 2 ഫോട്ടോകളും ഒരേ ഫ്രെയിമിന്റെ 2 വ്യത്യസ്ത ദിശകളിൽ ഉള്ളവയായിരിക്കണം ഫോട്ടോകളിൽ യാതൊരുവിധ എഡിറ്റിംഗും പാടുള്ളതല്ല. അത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത അപേക്ഷ നിരസിക്കുന്നതാണ്. രണ്ടിൽ കൂടുതൽ ഫോട്ടോകൾ അയക്കുവാൻ പാടുള്ളതല്ല. അത്തരത്തിലുള്ള അപേക്ഷയും നിരസിക്കുന്നതാണ്. . അയക്കുന്ന വ്യക്തിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ്സ്, അഡ്രസ്സ്, ഫോൺ നമ്പർ, തുടങ്ങിയവ ഫോട്ടോയോടൊപ്പം അയക്കേണ്ടതാണ്. അപേക്ഷകർ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ,അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.കാർഷിക രംഗത്തെ'നൂതന ആശയങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോകൾ അയക്കേണ്ടതാണ്.

# ലോക ക്ഷേമത്തിന് നവചണ്ഡികാ യാഗം നടത്താൻ വി.എച്ച്.പി

## പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ ഏപ്രിൽ 25 ന് തുടക്കം

**കൊച്ചി:** ലോക ക്ഷേമത്തിനും മനുഷ്യ നന്മയ്ക്കുമായി വിശ്വ രക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിലെ പ്രസിദ്ധങ്ങളായ ശക്തി പീഠങ്ങളിൽ നിന്നുള്ള മഹാ സാധകർ നേരിട്ട് നടത്തുന്ന നവചണ്ഡികാ യാഗത്തിന് ഏപ്രിൽ 25 ന് എറണാകുളം കലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ തുടക്കമാകും. 25 മുതൽ 28 വരെ പാവക്കുളത്ത് നടക്കുന്ന നവചണ്ഡികാ യാഗത്തെ തുടർന്ന് വരും മാസങ്ങളിൽ കേരളത്തിലെ മറ്റു ജില്ലകളിലും യാഗങ്ങൾ നടത്തി 2024 ഏപ്രിൽ 28 മുതൽ മെയ് ഏഴു വരെ തൃശ്ശൂരിൽ 11 ദിവസം നീണ്ടു നിൽക്കുന്ന ശത ചണ്ഡികാ യാഗത്തോടെ സമാപനം കുറിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ശത ചണ്ഡികാ യാഗത്തിൽ മുഖ്യ അതിഥിയായി പങ്കെടുക്കും. മാതാ അമൃതാനന്ദമയി, ശ്രീ ശ്രീ രവിശങ്കർ, നാലു മഠങ്ങളിൽ നിന്നുള്ള ശങ്കരാചാര്യന്മാർ,ദലൈലാമ ഉൾപ്പെടെയുള്ള ആചാര്യ ശ്രേഷ്ഠന്മാർ,സന്യാസിവര്യന്മാർ തുടങ്ങിയവരും ശത ചണ്ഡികാ യാഗത്തിൽ പങ്കെടുക്കുമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റും വിശ്വരക്ഷാ യാഗസമിതി ചെയർമാനുമായ വിജി തമ്പി, സംഘടനാ സെക്രട്ടറി ഗിരീഷ് കള്ളിക്കൽ, കോഓർഡിനേറ്റർ ത്രിവിക്രമൻ അടികൾ, ശബരിമല,ഗുരുവായർ മുൻ മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കാഞ്ചി മഠാധിപതി ശ്രീശങ്കര വിജയേന്ദ്ര സരസ്വതി സ്വാമികൾ ആണ് യാഗത്തിന്റെ മുഖ്യരക്ഷാധികാരി. ഭാരതത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രസിദ്ധരായ സാധകരും, കർമ്മികളും, ഹൈന്ദവ, സന്യാസി ശ്രേഷ്ഠന്മാരും, ആചാര്യ ശ്രേഷ്ഠന്മാരും യാഗങ്ങളിൽ മുഴുവൻ സമയം പങ്കെടുക്കുകയും സൽസംഗങ്ങൾ നടത്തുകയും ചെയ്യും. അതാത് ജില്ലകളിലെ യാഗദിവസങ്ങളിൽ വിവിധ കലാപരിപാടികളും,സാസ്കാരിക സമ്മേളനങ്ങളും പ്രഭാഷണങ്ങളും നടക്കും. ഒപ്പം പറശ്ശിനി മടപ്പുരയുടെ മുത്തപ്പൻ വെള്ളാട്ടവും ഉണ്ടാകും.നവ ചണ്ഡികാ യാഗം എന്ന വിശ്വ രക്ഷാ ദൗത്യം വിശ്വ ഹിന്ദു പരിഷത്ത് കേരളമാണ് ഏറ്റെടുത്തിരിക്കുന്നത്.പാവക്കുളത്ത് നടക്കുന്ന നവ ചണ്ഡികാ യാഗത്തിന് പൊള്ളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രമഹ്ണ്യം മുഖ്യ കാർമ്മികത്വം വഹിക്കും. 25 ന് പുലർച്ചെ മൂന്നിന് സൂര്യകാലടി ബ്രഹ്മശ്രീ സുബ്രമഹ്ണ്യൻ ഭട്ടതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വാഞ്ഛ കൽപലത ഗണപതി ഹോമത്തോടെ നവ ചണ്ഡികാ യാഗത്തിന് തുടക്കമാകും. എട്ടു മണിമുതൽ നവ ചണ്ഡികാ യാഗം ആരംഭിക്കും.11.30 മുതൽ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ മഹാമൃത്യുഞ്ജയ ഹോമം നടക്കും.12 മണിക്ക് മഹാപൂർണാഹുതി നടക്കും. 28 ന് സാമ്രാജ്യ ലക്ഷ്മി പൂജയും നടക്കും. ലക്ഷ്മണ പുലവർ അവതരിപ്പിക്കുന്ന തോൽപ്പാവക്കൂത്ത്, മുരുകദാസും സംഘവും അവതരിപ്പിക്കുന്ന ഭജൻസ് സന്ധ്യയും യാഗത്തിന്റെ ഭാഗമായി ഉണ്ടാകും. 26 ന് വൈകുന്നേരം 4.30 മുതൽ പറശ്ശിനി മടപ്പുരയുടെ നേതൃത്വത്തിൽ മുത്തപ്പൻ വെള്ളാട്ടം നടക്കും. 25ന് ഡോ.രാമാനന്ദിന്റെയും 27ന് ഡോ.ശ്രീനാഥ് കാര്യാട്ടിന്റെയും പ്രഭാഷണം ഉണ്ടാകും. കൂടാതെ ഏപ്രിൽ 25 ന് 11.30 സ്വാമി ഉദിത് ചൈതന്യ, 26ന് 11.30 ന് സ്വാമി അദ്ധ്യാത്മാനന്ദ, 27 ന് 11.30 ന് സ്വാമിനി വിഷ്ണുപ്രിയാനന്ദപുരി തുടങ്ങിയവരുടെ സൽസംഗങ്ങളും ഉണ്ടാകും. പാവക്കുളത്ത് നടക്കുന്ന യാഗത്തിനു ശേഷം മെയ് 12 മുതൽ 14 വരെ തിരുവനന്തപുരത്തും മെയ് 28 മുതൽ 30 വരെ കൊല്ലത്തും നവചണ്ഡികാ യാഗം നടക്കും തുടർന്നുള്ള മാസങ്ങളിൽ മറ്റു ജില്ലകളിലും യാഗം നടക്കുമെന്നും വിശ്വ രക്ഷാ യാഗ സമിതി ഭാരവാഹികൾ വ്യക്തമാക്കി.




**വിശ്വഹിന്ദുപരിഷത്തിന്റെ നേതൃത്വത്തിൽ വിശ്വരക്ഷാ യാഗസമിതി കേരളത്തിലെ 14 ജില്ലകളിലുമായി നടത്തുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന നവചണ്ഡികാ യാഗത്തെക്കുറിച്ച് സംഘടനാ സെക്രട്ടറി ഗിരീഷ് കള്ളിക്കൽ, കോഓർഡിനേറ്റർ ത്രിവിക്രമൻ അടികൾ, ശബരിമല,ഗുരുവായർ മുൻ മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവരുടെ സാന്നിധ്യത്തിൽ കലൂർ പാവക്കുളം വി.എച്ച്.പി ഓഫിസിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റും വിശ്വരക്ഷാ യാഗസമിതി ചെയർമാനുമായ വിജി തമ്പി വിശദീകരിക്കുന്നു**

# ജനങ്ങളുടെ വളർച്ചക്ക് സഹകരണ സംഘങ്ങൾ വഹിക്കുന്ന പങ്ക് പ്രശംസനീയം: മന്ത്രി പി രാജീവ്

**കൊച്ചി:**സംസ്ഥാനത്തെ ജനങ്ങളുടെ വളർച്ചക്ക് സഹകരണ സംഘങ്ങൾ വഹിക്കുന്ന പങ്ക് പ്രശംസനീയമാണെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്.മൂവാറ്റുപുഴ ഹൗസിംഗ് സഹകരണ സംഘം നിർധന കുടുംബത്തിന് നിർമ്മിച്ച വീടിന്റെ താക്കോൽ ദാനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.സഹകരണ സംഘത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷ പരിപാടികളുടെ ഭാഗമായിട്ടാണ് വീട് നിർമ്മിച്ച് നൽകുന്നത്. വാഹനാപകടത്തിൽ മരിച്ച ടാപ്പിംഗ് തൊഴിലാളിയായ കടാതി ആലിൻചുവട് പൊറ്റവേലിക്കുടിയിൽ അനൂപിന്റെ കുടുംബാംഗങ്ങൾക്ക് മന്ത്രി താക്കോൽ കൈമാറി. സി.പി.ഐ.എം കടാതി സൗത്ത് ബ്രാഞ്ച് സമാഹരിച്ച തുക അനൂപിന്റെ കുടുംബത്തിന് മന്ത്രി കൈമാറി. വീട് നിർമ്മിച്ച കോൺട്രാക്ടർ സുജാത സതീശന് മന്ത്രി ഉപഹാരം നൽകി. എല്ലാവിധ സൗകര്യങ്ങളോടെ 600 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 92,90,00 രൂപ മുടക്കിയാണ് വീട് നിർമ്മിച്ച് നൽകിയത്.സഹകരണ സംഘം പ്രസിഡന്റ് യു.ആർ ബാബു അധ്യക്ഷനായ ചടങ്ങിൽ വൈസ് പ്രസിഡന്റ് കെ.ജി സത്യൻ, സംഘം സെക്രട്ടറി



വി.പി പ്രസന്നകുമാരി, വാളകം പഞ്ചായത്ത് പ്രസിഡന്റ് ബിനോ കെ ചെറിയാൻ, മുൻ എംഎൽഎമാരായ ജോണി നെല്ലൂർ, ബാബു പോൾ, എൽദോ എബ്രഹാം, എ.പ l വർക്കി മിഷൻ ആശുപത്രി ചെയർമാൻ പി.ആർ മുരളീധരൻ, കൺസ്യൂമർ ഫെഡ് വൈസ് പ്രസിഡന്റ് പി.എം ഇസ്മയിൽ, പഞ്ചായത്ത് മെമ്പർമാരായ കെ.പി അബ്രാഹാം, മറ്റ് രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യ സംസ്കരണം: മന്ത്രിയുടെ മേഖലാ യോഗങ്ങൾ സമാപിച്ചു

**കൊച്ചി:** കൊച്ചിയിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പങ്കെടുത്ത മേഖലാതല യോഗങ്ങൾ സമാപിച്ചു. അവസാന യോഗം പള്ളുരുത്തിയിലായിരുന്നു. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വി.എ.ശ്രീജിത്ത് സ്വാഗതം പറഞ്ഞു. മേഖലയിലെ എല്ലാ കൗൺസിലർമാരും പങ്കെടുത്തു. നല്ല നിർദ്ദേശങ്ങളും അഭിപ്രായങ്ങളും യോഗത്തിൽ ഉയർന്നുവന്നു.മട്ടാഞ്ചേരി മേഖലാ യോഗം മട്ടാഞ്ചേരി ഷാദി മഹലിൽ വച്ച് നടന്നു. കൊച്ചി എം.എൽ.എ കെ.ജെ.മാക്സി അധ്യക്ഷത വഹിച്ചു. ഹെൽത്ത് കമ്മിറ്റി ചെയർമാൻ ടി.കെ.അഷ്റഫ്, ഡെപ്യൂട്ടി മേയർ, മേഖലയിലെ കൗൺസിലർമാരും പങ്കെടുത്തു. കൊച്ചി എം.എൽ.എ മാക്സി അദ്ദേഹത്തിൻറെ മണ്ഡലം കൊച്ചി നഗരസഭയിലെ നാല് മണ്ഡലങ്ങളിൽ സീറോ വേസ്റ്റ് മണ്ഡലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാമെന്ന് അറിയിച്ചു. മാത്രമല്ല കൊച്ചി മേഖലയിലെ എല്ലാ വാർഡുകളിലും എം.സി.എഫുകൾ സ്ഥാപിക്കാനുള്ള മുഴുവൻ പിന്തുണയും അദ്ദേഹം കൗൺസിലർമാർക്ക് വാഗ്ദാനം ചെയ്തു.ഫോർട്ടുകൊച്ചി മേഖലയിലെ യോഗം സി.സി. ഹാളിലാണ് നടന്നത്. ഡെപ്യൂട്ടി മേയർ അധ്യക്ഷത വഹിച്ചു.നല്ല നിർദ്ദേശങ്ങൾ യോഗത്തിൽ ഉയർന്നുവന്നു. ഹോംസ്റ്റേ അസോസിയേഷൻ റെസ്പോൺസിബിൾ ടൂറിസത്തിൻറെ ഭാഗമായി എല്ലാ ഹോംസ്റ്റേകളിലെയും മാലിന്യം സംസ്കരിക്കാൻ സ്വന്തം നിലയിൽ മുന്നോട്ട് വരുമെന്നും സംസ്ഥാന സർക്കാരിൻറെ പിന്തുണ ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു. വികേന്ദ്രീകൃതമായി ജൈവമാലിന്യം സംസ്കരിക്കണം എന്നായിരുന്നു റെസിഡൻറ്സ് അസോസിയെഷൻ അപെക്സ് കൗൺസിലിൻറെ കൊച്ചി മേഖലാ സമിതിയുടെ നിർദ്ദേശം. കൂടാതെ പ്രധാനപ്പെട്ട റോഡുകൾ ഹീൽ പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിച്ച് സൗന്ദര്യവൽക്കരിക്കണമെന്ന നിർദ്ദേശവും അവർ മുന്നോട്ട് വച്ചു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ മന്ത്രി സ്വാഗതം ചെയ്തു. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയും, അപകടകരമായ നിലയിൽ നിൽക്കുന്നതുമായ മരങ്ങൾ വെട്ടി മാറ്റുമ്പോഴും, കെ.എസ്.ഇ.ബി. അധികൃതർ മുറിച്ചു മാറ്റുന്ന മരങ്ങളുടെ ശിഖരങ്ങളും അടിയന്തിരമായി തന്നെ നീക്കം ചെയ്യണമെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. ഇതിനായി ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറും, കെ.എസ്.ഇ.ബിയും, നഗരസഭയും സംയുക്തമായി യോഗം വിളിച്ച് ചേർത്ത് പ്രശ്നം പരിഹിരക്കുവാൻ മേയറെ മന്ത്രി ചുമതലപ്പെടുത്തി. ഫോർട്ടുകൊച്ചിയും പരിസര പ്രദേശങ്ങളും ശുചീകരിക്കാനാവശ്യമായ സന്നദ്ധ പ്രവർത്തനത്തിന് നേതൃത്വം നൽകുവാനും യോഗത്തിൽ പങ്കെടുത്തവർ തയ്യാറായി.

# എട്ട് മണിക്കൂർ നീണ്ട ശസ്ത്രക്രിയ; യുവാവിന്റെ അറ്റുപോയ കൈപ്പത്തി തുന്നിച്ചേർത്തു

**തിരുവനന്തപുരം:** വെട്ടേറ്റ് കൈപ്പത്തി അറ്റുപോയ നിലയിൽ തിരുവനന്തപുരം കിംസ്ഹെൽത്തിലെത്തിയ 30 വയസ്സുകാരനായ യുവാവിന്റെ കൈപ്പത്തി തുന്നിച്ചേർത്തു. കൈപ്പത്തിയിലെ പരുക്കിന് പുറമെ തലച്ചോറിൽ അനിയന്ത്രിതമായി രക്തം കട്ട പിടിച്ചത് യുവാവിന്റെ ജീവൻ തന്നെ അപകടത്തിലാക്കുകയായിരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ എട്ട് മണിക്കൂറിലധികം നീണ്ടുനിന്ന തലച്ചോറിലെ ശസ്ത്രക്രിയയ്ക്കും ഹാൻഡ് ആൻഡ് മൈക്രോവാസ്കുലാർ ശസ്ത്രക്രിയയ്ക്കുമൊടുവിൽ തലച്ചോറിൽ രക്തം കട്ടപിടിക്കുന്നത് നിയന്ത്രിച്ച് യുവാവിന്റെ കൈപ്പത്തി തുന്നിച്ചേർക്കുകയായിരുന്നു. അപകടം നടന്ന് 16 മണിക്കൂർ കഴിഞ്ഞിട്ടും മെഡിക്കൽ സംഘത്തിന്റെ സമയോചിതമായ ഇടപെടലിലൂടെയാണ് യുവാവിന് സാധാരണ ജീവിതത്തിലേക്ക് മടങ്ങാനായത്.പ്രാദേശിക സംഘർഷത്തിൽ ആളുമാറി യുവാവിന് വെട്ടേൽക്കുകയായിരുന്നു. രോഗി ആശുപത്രിയിലെത്തിയപ്പോൾ തന്നെ എട്ട് മണിക്കൂറുകൾ പിന്നിട്ടിരുന്നു, സാധാരണയായി ഇത്തരത്തിൽ വിച്ഛേദിക്കപ്പെട്ട അവയവങ്ങൾ 6 മണിക്കൂറിനുള്ളിൽ (ഗോൾഡൻ ടൈം പീരീഡ്) തന്നെ തുന്നിച്ചേർക്കേണ്ടതുണ്ട്. ഇതുകൂടാതെ തലച്ചോറിലേറ്റ ഗുരുതര പരുക്ക് കൈപ്പത്തി തുന്നി ചേർക്കുന്നതിനുള്ള ശസ്ത്രക്രിയ വീണ്ടും വൈകുന്നതിനും കാരണമായി. തലയോട്ടി തകർന്ന് തലച്ചോറിലേക്ക് തറച്ചിരിക്കുന്ന അവസ്ഥയിലായിരുന്നതിനാൽ രോഗിയെ അടിയന്തരമായി ന്യൂറോസർജ്ജറിക്ക് വിധേയമാക്കുകയും ഒന്നര മണിക്കൂറിനുള്ളിൽ തലയോട്ടിയിലെ തകർന്ന അസ്ഥികൾ നീക്കം ചെയ്ത് ടൈറ്റാനിയം മിനി പ്ലേറ്റ് ഉപയോഗിച്ച് രക്തസ്രാവം പൂർണമായും നിയന്ത്രണവിധേയമാക്കുകയായിരുന്നുവെന്ന് ന്യൂറോസർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.അജിത് ആർ. പറഞ്ഞു. അതേസമയം മറ്റൊരു ഓപ്പറേഷൻ തിയേറ്ററിൽ വേർപെട്ടു പോയ കൈപ്പത്തി തുന്നിച്ചേർക്കുന്നതിനുള്ള ഒരുക്കങ്ങളും ആരംഭിച്ചു. തലച്ചോറിലെ ശസ്ത്രക്രിയ പൂർത്തിയായ ഉടൻ തന്നെ ഹാൻഡ് ആൻഡ് മൈക്രോവാസ്കുലാർ സർജ്ജനും സീനിയർ കൺസൽട്ടന്റുമായ ഡോ. മനോജ് ഹരിദാസിന്റെ നേതൃത്വത്തിൽ കൈപ്പത്തി തിരികെ തുന്നി ചേർക്കാനുള്ള ശസ്ത്രക്രിയാനടപടികൾ ആരംഭിച്ചു. ഹാൻഡ് ആൻഡ് മൈക്രോവാസ്കുലാർ ഡോക്ടർമാരോടൊപ്പം അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ ഡോ. ഷേർലി ജോൺ, ഡോ. വല്ലി എന്നിവരും

KIMSHEALTH

നിർണായക ശസ്ത്രക്രിയയിലൂടെയാണ് ഞരമ്പുകളും അസ്ഥികളുമെല്ലാം തുന്നിച്ചേർത്ത് കൈപ്പത്തി പൂർവസ്ഥിതിയിലാക്കിയതിൽ സുപ്രധാന പങ്കുവഹിച്ചു. അസ്ഥികൾ കമ്പിയിട്ട് ഉറപ്പിച്ചശേഷം ഞരമ്പുകളും അറ്റുപോയ രക്തക്കുഴലുകളും മറ്റു സൂക്ഷ്മ നാഡികളുമെല്ലാം തുന്നിച്ചേർത്ത് രക്തയോട്ടം പൂർവസ്ഥിതിയിലാക്കുകയായിരുന്നു. തുടർന്ന് ഓർത്തോപീഡിക് സർജിക്കൽ സംഘത്തിന്റെ നേത്രത്വത്തിൽ യുവാവിന്റെ കാലിലെ ഒടിവുകൾക്കുള്ള ചികിത്സകളും ആരംഭിച്ചു.രക്തപരിശോധനകൾക്കും ശസ്ത്രക്രിയയ്ക്ക് മുൻപായി രോഗിയെ മേജർ അനസ്തേഷ്യയ്ക്കടക്കം തയ്യാറെടുപ്പിക്കേണ്ടതുമായ 6 മണിക്കൂർ നീണ്ട ഫാസ്റ്റിംഗ് പ്രോട്ടോക്കോളുകൾക്കും ശേഷം മൈക്രോവാസ്കുലർ ശസ്ത്രക്രിയ ആരംഭിക്കുമ്പോഴേക്കും ഏകദേശം 12 മണിക്കൂർ കഴിഞ്ഞിരുന്നു. തള്ള വിരൽ മരവിച്ചിരുന്നിട്ടും 16 മണിക്കൂറിന് ശേഷം രക്തയോട്ടം പുനഃസ്ഥാപിച്ച് കൈപ്പത്തി വിജയകരമായി തുന്നിച്ചേർക്കാൻ സാധിച്ചത് മൈക്രോവാസ്കുലാർ ശസ്ത്രക്രിയയിൽ തന്നെ അപൂർവ്വനേട്ടമാണെന്നും ഹാൻഡ് ഫിസിയോതെറാപ്പിയുടെ സഹായത്തോടെ മൂന്ന് മുതൽ നാല് മാസത്തിനുള്ളിൽ ചലനശേഷി വീണ്ടെടുക്കാമെന്നും ഡോ. മനോജ് ഹരിദാസ് പറഞ്ഞു. ന്യൂറോ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അജിത് ആർ, കൺസൾട്ടന്റ് ന്യൂറോ സർജൻമാരായ ഡോ. അബു മദൻ, ഡോ. നവാസ് എൻ.എസ്, ഡോ. ബോബി ഐപ്പ്, ന്യൂറോ അനസ്തെറ്റിസ്റ്റ് ഡോ. സുശാന്ത് ബി. എന്നിവർ ന്യൂറോ സർജിക്കൽ പ്രക്രിയയുടെ ഭാഗമായി.

## രണ്ടാർകര നിവാസികൾക്ക് അനുഗ്രഹമായി കിഴക്കേക്കര കുടിവെള്ള പദ്ധതി

**കൊച്ചി:**കാൽ നൂറ്റാണ്ടിലേറേയായി കുടിവെള്ളം മൂലം ബുദ്ധിമുട്ടിയിരുന്ന രണ്ടാർകരയിലെ നിവാസികളിപ്പോൾ ആശ്വാസത്തിലാണ്. കിഴക്കേക്കര കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായപ്പോൾ 150 ഓളം കുടുബങ്ങളിൽ കുടിവെള്ളം എത്തി. വേനൽ കടുത്തിട്ടും രണ്ടാർകരയിലെ പ്രദേശവാസികൾക്ക് കുടിവെള്ളത്തിനു ബുദ്ധിമുട്ടില്ല.മൂവാറ്റുപുഴ നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ ഒന്നായ പതിനൊന്നാം വാർഡിൽ വർഷകാലത്ത് പോലും ശുദ്ധജലം ലഭ്യമായിരുന്നില്ല. ജല അതോറിറ്റിയുടെ തെരുവ് പൈപ്പുകളും കണക്ഷനുകളും ആയിരുന്നു ഇവിടുത്തുകാരുടെ ശുദ്ധജലത്തിന് ഉള്ള ഏക ആശ്രയം. വേനൽ ആരംഭിക്കുമ്പോൾ ടാങ്കറിൽ വെള്ളം എത്തിക്കും. പമ്പിംഗിലെ തകരാറും പൈപ്പ് ലൈനിലെ പ്രശ്നങ്ങളും ഉയർന്ന പ്രദേശവും എല്ലാം കൂടി ചേർന്നതോടെ മഴക്കാലത്ത് പോലും ഇവർക്ക് കുടിവെള്ളം സുലഭമായി ലഭിച്ചിരുന്നില്ല.കിണർ നിർമ്മിച്ച് ശുദ്ധജലം ഉറപ്പാക്കുകയായിരുന്നു ലക്ഷ്യം. ഉയർന്ന പ്രദേശം ആയതിനാൽ കിണർ കുഴിച്ചാൽ വെള്ളം കിട്ടുമോ എന്ന ആശങ്കയും നിലനിന്നിരുന്നു. നഗരസഭയുടെ നേതൃത്വത്തിൽ ഭൂഗർഭജല അതോറിറ്റിക്ക് അപേക്ഷ നൽകിയതിനെ തുടർന്ന് ഉന്നതതല ഉദ്യോഗസ്ഥ സംഘമെത്തി സ്ഥലം പരിശോധിച്ചു. അവരുടെ നിർദ്ദേശ പ്രകാരം കിണർ നിർമ്മിച്ചു.നഗരസഭയുടെ 61 ലക്ഷം രൂപയും എം പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപയും ചെലവഴിച്ച് മാർച്ചിലാണ് പദ്ധതിയുടെ നിർമ്മാണം പൂർത്തിയായത്. കിണർ നിർമ്മാണത്തിനു പുറമെ 42,000 ലിറ്റർ സംഭരണശേഷിയുള്ള ജല സംഭരണിയും നിർമ്മിച്ചിട്ടുണ്ട്. ഇവിടെനിന്നും പൈപ്പ് വഴി ഓരോ വീട്ടിലേക്കും ജലമെത്തിക്കുന്നു. ജല വിതരണത്തിന്റെ തുടർപ്രവർത്തങ്ങൾക്കായി വാർഡ് തലത്തിൽ ഗുണഭോക്തൃ സമിതിയും പ്രവർത്തിക്കുന്നുണ്ട്.

## മാംസ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ ലക്ഷ്യം: മന്ത്രി ജെ ചിഞ്ചുറാണി

**കൊല്ലം:** മാംസ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതായി മൃഗസംരക്ഷണ ക്ഷീര വികസന മന്ത്രി ജെ ചിഞ്ചുറാണി. കൂടുതൽ മാംസം കേരളത്തിൽ ഉത്പാദിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നതായും മന്ത്രി പറഞ്ഞു. മീറ്റ് പ്രോഡക്റ്റ് ഓഫ് ഇന്ത്യയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പുറത്തിറക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിന് ആവശ്യമായ മാംസം സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇറച്ചി ഉത്പാദനം വർധിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് വഴി 64 കോടി രൂപ അനുവദിച്ചതായും മന്ത്രി പറഞ്ഞു.കൊല്ലം ജില്ലയിലെ ഏരൂർ പഞ്ചായത്തിൽ 1,500 ലക്ഷം രൂപ മുതൽമുടക്കിൽ നിർമാണം പൂർത്തിയാക്കിയ പ്ലാന്റിൽ ഉത്പാദിപ്പിച്ച ചിക്കൻ ഫിംഗർ, ചിക്കൻ ബർഗർ പാറ്റി, ചിക്കൻ നഗട്ട്സ് എന്നിവയാണ് മന്ത്രി പുറത്തിറക്കിയത്. പി.എസ്. സുപാൽ എം.എൽ.എ ഉത്പന്നങ്ങളുടെ ആദ്യ വില്പന നിർവഹിച്ചു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ചെയർമാൻ ഇ.കെ. ശിവൻ, മാനേജിംഗ് ഡയറക്ടർ ഡോ. എ.എസ്.ബിജുലാൽ തുടങ്ങിയവർ പങ്കെടുത്തു.

## വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

**ആലപ്പുഴ:** അപ്രന്റിസ്ഷിപ്പ് പ്രൊമോഷൻ സ്കീമിന്റെ ഭാഗമായി ആർ.ഡി.എസ്.ഡി.ഇ.യുടെയും വ്യവസായിക പരിശീലന വകുപ്പിന്റെയും നേതൃത്വത്തിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് ബോധവത്ക്കരണ വർക്ക്ഷോപ്പ് നടത്തി. ഡോ. ജീവൻ സുധാകരൻ ഉദ്ഘാടനം ചെയ്തു. ഗവ. ഐ.റ്റി.ഐ പ്രിൻസിപ്പൽ അനുരാധ സി.എൽ. അധ്യക്ഷത വഹിച്ചു. ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് പരിപാടികൾ നടത്തിയത്. ആർ.ഡി.എസ്.ഡി.ഇ. ഡെപ്യൂട്ടി ഡയറക്ടർ പി.ജി രാജേന്ദ്രൻ, ട്രെയിനിംഗ് ഓഫീസർ സൂര്യ കുമാരി, സ്റ്റേറ്റ് എൻഗേജ്മെന്റ് ഓഫീസർ നിഖിൽ ജോസ്, ആർ.ഐ സെന്റർ ജൂനിയർ അപ്രന്റിസ്ഷിപ്പ് അഡ്വൈസർ ചിത്രലേഖ വി.ആർ എന്നിവർ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഗവൺമെന്റ്/പ്രൈവറ്റ് ഐ.റ്റി.ഐ.കൾ, സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഗവ. ഐ.റ്റി.ഐ ട്രെയിനികൾ, പ്രൈവറ്റ് ഐ.റ്റി.ഐ ട്രെയിനികൾ എന്നിവർ പങ്കെടുത്തു.

## ഒപ്പം പദ്ധതി: ജില്ലാതല ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: അതിദരിദ്രരായ കുടുംബങ്ങളിൽപ്പെട്ട കിടപ്പു രോഗികൾക്കും വാർദ്ധക്യ സഹജമായ അസുഖങ്ങൾ മൂലം റേഷൻ കടകളിൽ എത്താൻ കഴിയാത്തവർക്കും പൊതുവിതരണ വകുപ്പിന് കീഴിലുള്ള റേഷൻ കടകളിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ എത്തിച്ചു നൽകുന്നതിനായുള്ള ഒപ്പം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് പി.പി. ചിത്തരഞ്ജൻ എം.എൽ.എ. നിർവഹിക്കും. ഓട്ടോ തൊഴിലാളികളുടെ സഹായത്തോടെയാണ് ഭക്ഷ്യ ധാന്യങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നത്.

## റിസോഴ്സ് പേഴ്സൺ നിയമനം: അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** പി.എം.എഫ്.എം.ഇ. പദ്ധതിയിലേക്ക് ജില്ലാതല റിസോഴ്സ് പേഴ്സണെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്കും ഭക്ഷ്യ സംസ്കരണം, വ്യവസായ പദ്ധതി നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് മുൻ പരിചയമുള്ള ബാങ്കുകൾ, സർക്കാർ വകുപ്പുകൾ, സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവർക്കും അപേക്ഷിക്കാം. ബയോഡേറ്റ, ആധാറിന്റെ പകർപ്പ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ gndicalp@gmail.com എന്ന ഇമെയിൽ മുഖേനയോ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നേരിട്ടോ ഏപ്രിൽ 30 നകം നൽകണം. ഫോൺ: 0477 2251272, 9400897551.

## യൂണിഫോം വിതരണം; ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുന്നപ്ര വടക്ക് പഞ്ചായത്തിൽ വാടയ്ക്കലിൽ പ്രവർത്തിക്കുന്ന ഡോ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ഏപ്രിൽ 24ന് വൈകിട്ട് മൂന്നു വരെ സ്വീകരിക്കും. വിലാസം സീനിയർ സൂപ്രണ്ട്, എം.ആർ.എസ്, പുന്നപ്ര, വാടയ്ക്കൽ പി.ഒ, ആലപ്പുഴ. ഫോൺ: 7902544637.

## ബയോമെട്രിക് മസ്റ്ററിങ് നടത്തണം

**ആലപ്പുഴ:** സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ജില്ല ക്ഷേമനിധി ഓഫീസിലെ എല്ലാ ഗുണഭോക്താക്കൾ ഏപ്രിൽ മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ അക്ഷയകേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിങ് നടത്തണം. മസ്റ്ററിങ് ചെയ്തവർക്ക് മാത്രമേ തുടർന്ന് പെൻഷൻ വിതരണം ചെയ്യൂ. ആധാർ ഇല്ലാതെ പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ, ബയോമെട്രിക് മസ്റ്റിങ് പരാജയപ്പെടുന്നവർ എന്നിവർ ജില്ല ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകി മസ്റ്ററിങ് പൂർത്തിയാക്കണം. ഫോൺ: 0477 2252291.

## ബിസിനസ് ഗ്രോത്ത് പ്രോഗ്രാം

**ആലപ്പുഴ:** കേരളത്തിലെ സൂക്ഷമ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി കെ.ഐ.ഇ.ഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ മുഖാന്തിരം ബിസിനസ് ഗ്രോത്ത് പ്രോഗ്രാം നടപ്പാത്തുന്നു. 35 ലക്ഷത്തിനും 50 കോടിയ്ക്കും ഇടയിൽ വാർഷിക വിറ്റ് വരവുള്ളതും 10 വർഷത്തിന് താഴെയായി കേരളത്തിൽ പ്രവർത്തിച്ച് വരുന്ന ഉത്പാദന മേഖലയിലോ, പ്രത്യേകതയുള്ള സേവന മേഖയിലെ ഉൾപ്പെട്ടിട്ടുള്ള എം.എസ്.എം.ഇ യൂണിറ്റുകൾക്കാണ് ഈ പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അർഹത. www.edckerala.org ൽ രജിസ്റ്റർ ചെയ്യാം. അവസാന തീയതി ഏപ്രിൽ 29. സംശയ നിവാരണങ്ങൾക്ക് info@kied in/0484 2550322/2532890/7012376994/9605542061

# തീരപ്രദേശങ്ങളിൽ ജലഗുണനിലവാര പരിശോധന ക്ലിനിക്കുകൾ സ്ഥാപിക്കാൻ സിഎംഎഫ്ആർഐ

**കൊച്ചി:** വേമ്പനാട് കായലിൽ അപകടരമായ അളവിൽ ഇകോളി ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയ പശ്ചാത്തലത്തിൽ തീരപ്രദേശങ്ങളിൽ ജലഗുണനിലവാര പരിശോധന ക്ലിനിക്കുകൾ സ്ഥാപിക്കാനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഫ്ആർഐ). കാലാവസ്ഥാവ്യതിയാനത്തെ തുടർന്നുള്ള കടൽക്ഷോഭവും തീരപ്രദേശ പ്രളയങ്ങളും കൂടിവരുന്ന സാഹചര്യത്തിൽ തീരദേശവാസികളുടെ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധനയാണ് സിഎംഎഫ്ആർഐ ഉദ്ദേശിക്കുന്നതെന്ന് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.കാലാവസ്ഥാവ്യതിയാനത്തെ കുറിച്ച് ചെല്ലാനത്തെയും പുതുവൈപ്പിലെയും മത്സ്യത്തൊഴിലാളികളെ ബോധവൽകരിക്കുന്നതിനായി നടത്തിയ ശിൽപശാലയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.മാലിന്യത്തിന്റെ വ്യാപ്തി തിരിച്ചറിയുന്നതിനായി വേമ്പനാട് കായലിൽ നിലവിൽ നടപ്പിലാക്കി വരുന്ന റിവൈവൽ ഗവേഷണ പദ്ധതിയുടെ തുടർച്ചയായയയാണ് പുതിയ പദ്ധതി. കുടിവെള്ള സ്രോതസ്സുകൾ മലിനമുക്തമാണെന്ന് ഉറപ്പുവരുത്തുകയും ജലജന്യരോഗങ്ങൾ തടയുകയുമാണ് ലക്ഷ്യം. പരിസ്ഥിതിയുടെയും അവയെ ആശ്രയിച്ച് കഴിയുന്നവരുടെയും ആരോഗ്യ സംരക്ഷണത്തിനായുള്ള 'വൺ ഹെൽത്ത്' ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് സിഎംഎഫ്ആർഐ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനായി മൊബൈൽ ആപ്പ് വികസിപ്പിക്കാനും കോളേജ് വിദ്യാർത്ഥികളെ പങ്കാളികളാക്കാനും ഉദ്ദേശിക്കുന്നുണ്ട്. വേമ്പനാട് കായലുമായി ബന്ധപ്പെട്ട പഠനത്തിനായി സിഎംഎഫ്ആർഐ നടപ്പിലാക്കിയ സിറ്റിസൻ സയൻസ് കാംപയിൻ വൻ വിജയമായിരുന്നു. നാൻസൻ എൺവയമെന്റൽ റിസർച്ച് സെന്റർകൊച്ചി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, ആരോഗ്യ വകുപ്പ് തുടങ്ങിയവയുമായി സഹകരിച്ചാണ് പദ്ധതി.കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികളിൽ നിന്നും ആശ്വാസമേകാൻ ചെല്ലാനത്തെയും പുതുവൈപ്പിലെയും പട്ടികജാതി വിഭാഗത്തിൽ പെട്ട 24 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മത്സ്യവല, ഫ്രീസർ, ഐസ് ബോക്സ്, മോട്ടോർ പമ്പ് തുടങ്ങിയവ നൽകി. സിഎംഎഫ്ആർഐയുടെ നാഷണൽ ഇന്നൊവേഷൻസ് ഓൺ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചർ (നിക്ര) പദ്ധതിയുടെ ഭാഗമായ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിന് കീഴിലായിരുന്നു സഹായ വിതരണം. ചെല്ലാനം പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്പമ്മാ സെബാസ്റ്റിൻ, ഡോ സി രാമചന്ദ്രൻ, ഡോ ഗ്രിൻസൻ ജോർജ്, ഡോ രതീഷ് കുമാർ, വാർഡ് മെബർ കൃഷ്ണ കുമാർ, ഡോ മുഹമ്മദ് ഷഫീഖ് സംസാരിച്ചു.



# കെ.പി.എം.ജി ഇന്ത്യയുടെ ഇ.എസ്.ജി കോൺക്ലേവിന് സമാപനം

**കൊച്ചി:** പരിസ്ഥിതി, സാമൂഹിക, ഭരണനിർവഹണ (ഇ.എസ്.ജി) മേഖലയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്കായി കെ.പി.എം.ജി ഇന്ത്യ സംഘടിപ്പിച്ച ഇ.എസ്.ജി കോൺക്ലേവും ഇ.എസ്.ജി അവാർഡ്സും സമാപിച്ചു. ഇ.എസ്.ജി മേഖല പരിഗണിച്ചുകൊണ്ടുള്ള ആദ്യ അവാർഡ് കൂടിയാണിത്. അഭിപ്രായം, പ്രവർത്തനം, സുസ്ഥിര പ്രവർത്തനം, ഓഹരി ഉടമകളുടെ സ്വാധീനംഎന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു പരിപാടി. കെ.പി.എം.ജി ഇന്ത്യയുടെ 30ആം വാർഷികത്തോടനുബന്ധിച്ചായിരുന്നു കോൺക്ലേവ് സംഘടിപ്പിച്ചത്. വ്യത്യസ്ത മേഖലകളിൽ നിന്നുള്ള നയരൂപകർത്താക്കൾ, നിക്ഷേപകർ, റേറ്റിംഗ് ഏജൻസികൾ, ആഗോള ചിന്തകർ, ബിസിനസ്സ് ഉടമകൾ, ബിസിനസ്സ് നേതാക്കൾ എന്നിവർ കോൺക്ലേവിൽ പങ്കെടുത്തു. പരിസ്ഥിതി സംരക്ഷണ നയങ്ങൾ, സാമൂഹിക പ്രതിബദ്ധത, ഭരണനിർവഹണ ലക്ഷ്യങ്ങൾ എന്നിവ എത്രത്തോളം പാലിക്കപ്പെടുന്നുണ്ടെന്ന വിലയിരുത്തിയതിനുശേഷം മാത്രമാണ് സ്ഥാപനങ്ങളെ അവാർഡിനായി പരിഗണിച്ചത്. വിവിധ വിഭാഗങ്ങളിലായി 15 കമ്പനികളാണ് അവാർഡുകൾക്ക് അർഹരായത്. ഹിൻഡാൽകോ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഗോദ്റെജ് പ്രോപ്പർട്ടീസ് ലിമിറ്റഡ്, ടാറ്റ കൺസൾട്ടൻസി സർവീസസ് ലിമിറ്റഡ്, യുപിഎൽ ലിമിറ്റഡ്, വിപ്രോ ലിമിറ്റഡ്,ടാറ്റ പവർ കമ്പനി ലിമിറ്റഡ് എച്ച്.ഡി.എഫ്.സി ബാങ്ക് ലിമിറ്റഡ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, ഇൻഫോസിസ് ലിമിറ്റഡ്, ടാറ്റ പവർ കമ്പനി ലിമിറ്റഡ്, ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡ്, സിപ്ല ലിമിറ്റഡ് എന്നീ കമ്പനികളാണ് അവാർഡ് ദാതാക്കൾ.




# കാഴ്ചപരിമിതരുടെ ക്രിക്കറ്റ് സമ്മർ ക്യാമ്പിന് തുടക്കമായി

**കൊച്ചി:** ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ കേരള സംഘടിപ്പിക്കുന്ന സമ്മർ ക്യാമ്പിന് തുടക്കമായി. ആലുവ ബ്ലൈൻഡ് സ്കൂളിലുള്ള സിഎബികെ സെന്റർ ഓഫ് എക്സലൻസിൽ നടക്കുന്ന ക്യാമ്പ് നാവിയോ ഷിപ്പിങ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അജയ് തമ്പി ഉദ്ഘാടനം ചെയ്തു. പതിനഞ്ച് ദിവസം നീണ്ടു നിൽക്കുന്ന സമ്മർ ക്യാമ്പിൽ 50 കുട്ടികൾ രണ്ട് ബാച്ചുകളിലായി പങ്കെടുക്കും. പ്രവേശനം സൗജന്യമാണ്.സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള ബ്ലൈൻഡ് സ്കൂളുകളിലേയും കാഴ്ച പരിമിതരുമായ കുട്ടികളാണ് ക്യാമ്പിന്റെ ഭാഗമാകുന്നത്. 15 പെൺകുട്ടികൾ ഉൾപ്പെടെ എട്ട് വയസുമുതൽ 17 വയസുവരെയുള്ള കുട്ടികളാണ് ക്യാമ്പിലുള്ളത്.



വിനോദത്തിലും വിജ്ഞാനത്തിലും അധിഷ്ഠിതമായുള്ള ക്ലാസുകൾ, സ്കിൽ ഡവലപ്മെന്റ് ക്ലാസുകൾ, വിനോദയാത്ര എന്നിവ ക്യാമ്പിന്റെ ഭാഗമാണ്. കാഴ്ചപരിമിതരായ കുട്ടികളുടെ ആത്മവിശ്വാസം ഉയർത്തുകയും ഭാവിയിലേക്കുള്ള മാർഗനിർദേശം നൽകുന്നതിനും ഇത്തരം ക്യാമ്പുകൾ സഹായകരമാകുമെന്ന് സിഎബികെ ജനറൽ സെക്രട്ടറി രജനീഷ് ഹെൻട്രി പറഞ്ഞു. നാവിയോ ഷിപ്പിങ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ക്യാമ്പിന്റെ സ്പോൺസർഷിപ്പ്.

## ഫോട്ടോഗ്രാഫി മത്സരം

**കൊച്ചി:** കാർഷിക വിപണന രംഗത്ത് പുത്തൻ ഉണർവേകുവാനും കേരളത്തിലെ കാർഷിക വിളകൾ ഒരേ ബ്രാൻഡോടുകൂടി ഒരു കുടക്കീഴിൽ വിപണിയിലെത്തിക്കുവാനും ഓൺലൈൻ വിപണന സംവിധാനം പരമാവധി പ്രയോജനപ്പെടുത്തുവാനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'കേരൾ അഗ്രോ ഓൺലൈൻ വിപണനത്തിന്റെ' പ്രചരാണാർത്ഥം ജില്ലയിൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നതിലേക്കായി സംഘടിപ്പിക്കുന്ന ഈ മത്സരത്തിൽ 15 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ ഫോട്ടോ ലഭ്യമാക്കേണ്ടതാണ്.ഫോട്ടോ നിർബന്ധമായും ഷുലഴ ഫോർമാറ്റിൽ ആയിരിക്കേണ്ടതാണ്. ഫോട്ടോ 1 ങആ യിൽ താഴെയാകുവാൻ പാടുള്ളതല്ല. ഒരു മത്സരാർത്ഥി രണ്ട് ഫോട്ടോകൾ മാത്രമേ അയക്കേണ്ടതുള്ളൂ. അയക്കുന്ന 2 ഫോട്ടോകളും ഒരേ ഫ്രെയിമിന്റെ 2 വ്യത്യസ്ത ദിശകളിൽ ഉള്ളവയായിരിക്കണം ഫോട്ടോകളിൽ യാതൊരുവിധ എഡിറ്റിംഗും പാടുള്ളതല്ല. അത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത അപേക്ഷ നിരസിക്കുന്നതാണ്. രണ്ടിൽ കൂടുതൽ ഫോട്ടോകൾ അയക്കുവാൻ പാടുള്ളതല്ല. അത്തരത്തിലുള്ള അപേക്ഷയും നിരസിക്കുന്നതാണ്.അയക്കുന്ന വ്യക്തിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ്സ്, അഡ്രസ്സ്, ഫോൺ നമ്പർ, തുടങ്ങിയവ ഫോട്ടോയോടൊപ്പം അയക്കേണ്ടതാണ്. അപേക്ഷകർ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് , അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. കാർഷിക രംഗത്തെ 'നൂതന ആശയങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോകൾ അയക്കേണ്ടതാണ്.organicfarmingekm@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് ഇന്ന് വൈകുന്നേരം മൂന്നു മണിക്കു മുൻപായി അയക്കുക.

## അങ്കണവാടി വർക്കർ, ഹെൽപ്പർ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള ചിറ്റാറ്റുകര പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടേയും, ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും നിയമനം (നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം) നടത്തുന്നതിനായി ചിറ്റാറ്റുകര പഞ്ചായത്തിലെ സ്ഥിരതാമസക്കാരും സേവനതത്പരരുമായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു അപേക്ഷകരുടെ പ്രായം 01.01.2023 ൽ 18 വയസ്സ് പൂർത്തിയാകേണ്ടതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ ഏപ്രിൽ 19 മുതൽ മെയ് 10 ന് വൈകീട്ട് അഞ്ചുവരെ നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട്, ചിറ്റാറ്റുകര പഞ്ചായത്ത് എന്നിവിടങ്ങളിൽ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷൻ 2ാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ നമ്പർ : 0484 2448803.

## വേനൽക്കാലത്ത് സൂപ്പർഡ്യൂപ്പർ റിഫ്രഷറുമായി സെവൻ അപ്പും അനിരുദ്ധും



**കൊച്ചി :** ഈ വേനൽക്കാലത്ത് പ്രേക്ഷകരെ റിഫ്രഷ് ചെയ്യാനായി സെവൻ അപ്പ് ഗായകനും സംഗീത പ്രതിഭയുമായ അനിരുദ്ധ് രവിചന്ദറുമായി ചേർന്ന് സൂപ്പർഡ്യൂപ്പർ മ്യൂസിക്ക് പുറത്തിറക്കുന്നു. ഇതോടെ അനിരുദ്ധിനെ സെവൻ അപ്പിന്റെ ബ്രാൻഡ് അംബാസിഡറായി തിരഞ്ഞെടുത്തു. നിരവധി അവാർഡുകൾ നേടിയ അനിരുദ്ധ് രവിചന്ദർ ഈ സംഗീത ഗാനത്തിലൂടെ പ്രേക്ഷകർക്ക് കൂടുതൽ നവോന്മേഷം പകരാൻ സെവൻ അപ്പ് ലോകത്തേക്ക് തന്റെ തനതായ ശൈലിയും വ്യക്തിത്വവും കൊണ്ടുവരുന്നു.ഗാനത്തിന്റെ തുടക്കം ചൂടുള്ള ഒരു ദിവസത്തിൽ നായകൻ ഗ്രിഡ്ലോക്കിൽ കുടുങ്ങിക്കിടക്കുന്നു, ചുറ്റുമുള്ളഎല്ലാവരും ക്ഷീണിതരായികാണപ്പെടുന്നത് ശ്രദ്ധിക്കുന്ന നായകൻ തന്റെ ബാഗിലെ 7അപ്പ് കുപ്പി കുടിക്കാൻ തുറക്കുമ്പോൾ, 7അപ്പ് ട്രക്കിലെ അനിരുദ്ധ് രവിചന്ദറിന്റെ പോസ്റ്റർ ശ്രദ്ധയിൽ പെടുന്നു. പിന്നീട് അനിരുദ്ധ് പാടുകയും നായകനും ജനക്കൂട്ടവും ഉടൻ തന്നെ അദ്ദേഹത്തോടൊപ്പം നൃത്തം ചെയ്യാനും ചൂടിനെ വകവെക്കാതെ ആസ്വദിക്കുകയും ചെയ്യുന്നു.മികച്ച അനുഭവങ്ങൾ നൽകുന്നതിൽ 7അപ്പ് പ്രതിജ്ഞാബദ്ധമാണ്, 7അപ്പിനൊപ്പം സംഗീത പ്രതിഭയുടെ ഒരു സൂപ്പർ ഡ്യൂപ്പർ റിഫ്രഷർ ഗാനത്തേക്കാൾ കൂടുതൽ ഉന്മേഷദായകമായത മറ്റൊന്നുമില്ല, അദ്ദേഹത്തെ ബോർഡിൽ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾക്ക് അതിയായ ആവേശമുണ്ടെന്നും ഈ വേനൽക്കാലത്ത് യുവാക്കൾ 7അപ്പിന്റെ ഗാനം കേൾക്കാൻ തുടങ്ങുന്നത് വരെ കാത്തിരിക്കാനാവില്ലെന്നും പെപ്സികോ ഇന്ത്യയുടെ എനർജി, ഹൈഡ്രേഷൻ ആൻഡ് ഫ്ലേവേഴ്സ് സീനിയർ മാർക്കറ്റിംഗ് ഡയറക്ടർ നസീബ് പുരി പറഞ്ഞു.7അപ്പ് കുടുംബത്തിൽ ചേരാൻ കഴിഞ്ഞതിൽ ഞാൻ തികച്ചും ത്രില്ലിലാണെന്നു ബ്രാൻഡ് അംബാസഡർ അനിരുദ്ധ് രവിചന്ദർ പറഞ്ഞു.പുതിയ 7അപ്പ് ടിവി, ഡിജിറ്റൽ, ഔട്ട്ഡോർ, സോഷ്യൽമീഡിയ എന്നിവയിലുടനീളം കാണാൻ സാധിക്കും.

## ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ള വായ്പാ വിപണി കുതിക്കുന്നു

**കൊച്ചി:** ഉപഭോഗത്തിൻറെ അടിസ്ഥാനത്തിലുള്ള വായ്പകളുടെ വളർച്ച ഇന്ത്യൻ വായ്പാ വിപണിക്കു കരുത്തേകുന്നതായി ട്രാൻസ് യൂണിയൻ സിബിലിന്റെ വായ്പാ വിപണി സൂചിക (സിഎംഐ) ചൂണ്ടിക്കാട്ടുന്നു. സിഎംഐ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് 1830 വയസ് പ്രായമുള്ള ഉപഭോക്താക്കളാണ് പുതിയ ക്രെഡിറ്റ് അന്വേഷണങ്ങളിൽ ഏറ്റവും വലിയ പങ്ക് അതേസമയം ഗ്രാമീണ മേഖലകളിൽ നിന്നുള്ള ഡിമാൻഡിലെ വിഹിതം നേരിയ തോതിൽ വർദ്ധിച്ചു.ഇന്ത്യയിലെ ചെറുകിട വായ്പകളുടെ സ്ഥിതിയെ കുറിച്ച് വിശ്വസനീയമായ സൂചനകൾ നൽകുന്ന സിഎംഐ 2021 ഡിസംബറിലെ 93 പോയിൻറെ അപേക്ഷിച്ച് 2022 ഡിസംബറിൽ 100 പോയിൻറ് എന്ന നിലയിൽ എത്തിയിട്ടുണ്ട്.ഇന്ത്യയിലെ വായ്പാ വിപണി സുസ്ഥിര വികസന പാതയിലാണെന്നും വായ്പകളുടെ പ്രകടനം ശക്തമായി തുടരുകയാണെന്നും ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു. എങ്കിൽ തന്നെയും ആഗോള നീക്കങ്ങളുടെ പ്രതിഫലനം പരിഗണിച്ച് വായ്പാ നഷ്ട സാധ്യതകൾ ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വുമൺ എന്റർപ്രിണർഷിപ്പ് പ്ലാറ്റ്ഫോമുമായി സഹകരിച്ച് ഭാരത്പേ ഗ്രൂപ്പ്

**കൊച്ചി :** ഫിൻടെക് രംഗത്ത് ഇന്ത്യയിലെ മുൻനിരക്കാരയ ഭാരത് പേ വുമൺ എന്റർപ്രിണർഷിപ്പ് പ്ലാറ്റ്ഫോമുമായി കൈകോർക്കുന്നു. ഇന്ത്യയിലുടനീളമുള്ള വനിതാ സംരംഭകരെ സ്വാശ്രയത്വത്തിന്റെയും ബിസിനസ്സ് വളർച്ചയുടെയും പാതകളിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പങ്കാളിത്തം. ഭാരത് പേ കമ്പനിയായ പേബാക്കിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതിക്ക് കീഴിലാണ് ഇതിന്റെ പ്രവർത്തനം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വനിതാ സംരംഭകരെ ഒരുമിച്ച് കൊണ്ടുവരികയും അവർക്ക് ആവശ്യമായ ഡൊമെയ്ൻ അറിവുകളും അവരുടെ ബിസിനസ്സ് ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ അറിവും നൽകുന്ന ശക്തമായ ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ് ഈ പങ്കാളിത്തം ലക്ഷ്യമിടുന്നത്. പിയർ സപ്പോർട്ട്, മെന്റർഷിപ്പ്, നെറ്റ്വർക്കിംഗ് ചാനലുകൾ, വിശാലമായ പഠന വിഭവങ്ങൾ എന്നിവയിലേക്ക് പ്രവേശനം നൽകുന്ന ഇത്തരത്തിലുള്ള ആദ്യത്തെ അഗ്രഗേറ്റർ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് കോർ ഫോക്കസ് ഏരിയ സഹായിക്കുന്നു.സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ ആറാമത്തെ സാമ്പത്തിക സെൻസസ് പ്രകാരം, ഇന്ത്യയിലെ മൊത്തം സംരംഭകരിൽ 13.76% മാത്രമാണ് സ്ത്രീകൾ, ഇത് മൊത്തം 58.5 ദശലക്ഷം സംരംഭകരിൽ 8.05 ദശലക്ഷമാണ്. വനിതാ സംരംഭകർക്ക് അവരുടെ സ്വപ്നങ്ങൾ പിന്തുടരാൻ ശാക്തീകരണം ആവശ്യമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് കണക്കിലെടുത്ത്, ഇന്ത്യയിലെ ഭൂപ്രകൃതിയിലുടനീളമുള്ള വനിതാ സംരംഭകർ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാനും സ്ത്രീകൾക്ക് വളർച്ചയ്ക്ക് തുല്യ അവസരങ്ങൾ ആസ്വദിക്കുന്ന ഒരു ലെവൽ പ്ലേയിംഗ് ഫീൽഡ് സുഗമമാക്കാനും ഈ പങ്കാളിത്തം ലക്ഷ്യമിടുന്നു. കേപ്പബിലിറ്റി ഡെവെലപ്മെന്റിന് പിന്തുണ നൽകുന്നതിനും അവരുടെ ബിസിനസ്സ് സ്കെയിൽ ചെയ്യുന്നതിന് ആവശ്യമായ ഡൊമെയ്ൻ അറിവ് ഉപയോഗിച്ച് വനിതാ സംരംഭകരെ സജ്ജരാക്കുന്നതിനുമായി നിർദ്ദിഷ്ട മേഖലകളെ ചുറ്റിപ്പറ്റിയുള്ള പഠന സ്രോതസ്സുകളുടെ വികസനത്തിനും ഭാരത്പേ സഹായിക്കും.

## മാൻകൈൻഡ് ഫാർമ ഐപിഒ ഏപ്രിൽ 25ന്

**കൊച്ചി:** മാൻകൈൻഡ് ഫാർമ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) ഏപ്രിൽ 25 മുതൽ 27 വരെ നടക്കും. പ്രൊമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 40,058,884 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഒരു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 1026 രൂപ മുതൽ 1080 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 13 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ ബിഎസ്ഇയിലു എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കോട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് മാനേജർമാർ.

## സംരംഭകരെ ഇതിലേ ഇതിലേ ; ഓപ്പൺ ഫോറവും പ്രോജക്ട് റിപ്പോർട്ട് ക്യാമ്പും

**ആലപ്പുഴ:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ആലപ്പുഴ ബീച്ചിൽ നടക്കുന്ന എന്റെകേരളം പ്രദർശന വിപണന മേളയിൽ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് വൈകിട്ട് മൂന്നിന് ഓപ്പൺ ഫോറവും പ്രോജക്ട് റിപ്പോർട്ട് ക്യാമ്പും നടക്കും. വ്യവസായ വകുപ്പിന്റെ ഡി.പി.ആർ. ക്ലിനിക്കിലാണ് സംരംഭകർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകുന്നതിനായി പ്രത്യേക പരിപാടി ഒരുക്കിയിരിക്കുന്നത്. ചെറുസംരംഭകർക്ക് ബാങ്ക് വായ്പഎടുക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര പ്രോജക്ട് റിപ്പോർട്ടുകൾ ഡി.പി.ആർ. ക്ലിനിക്കിൽ നിന്നും തയ്യാറാക്കി നൽകും. സംരംഭകരിൽ നിന്നുംആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കുറഞ്ഞ സമയത്തിനുള്ളിൽസൗജന്യമായായാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നത്. വ്യവസായ വകുപ്പിൻറെ ബി2ബിഏരിയായിലാണ് ഡി.പി.ആർ. ക്ലിനിക്ക്. സംരംഭകരിൽ നിന്നുംആവേശകരമായ പ്രതികരണമാണ് ഡി.പി.ആർ ക്ലിനിക്കിന് ലഭിക്കുന്നതെന്നും നിരവധി ചെറു സംരംഭകർ ദിവസേന ക്ലിനിക്കിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.എസ്.ശിവകുമാർ അറിയിച്ചു.

## സിഎംഎഫ്ആർഐ:ഗവേഷണ പ്രൊജക്ടിൽ യങ് പ്രൊഫഷണൽ, ഫീൽഡ് അസിസ്റ്റന്റ് ഒഴിവുകൾ

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഗവേഷണ പ്രൊജക്ടിൽ കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണൽ, ഫീൽഡ് അസിസ്റ്റന്റ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യങ് പ്രൊഫഷണലിന്റെ ആറ് ഒഴിവുകളും ഫീൽഡ് അസിസ്റ്റന്റ് രണ്ട് ഒഴിവുകളുമാണുള്ളത്.യോഗ്യരായവർ സ്കാൻ ചെയ്ത ഒറിജിനൽ സർട്ടിഫിക്കറ്റുകളും ബയോഡേറ്റയും സഹിതമുള്ള അപേക്ഷ mmpcmfri23@gmail.com എന്ന ഇമെയിലിലേക്ക് ഏപ്രിൽ 30 ന് മുമ്പായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cmfri.org.in സന്ദർശിക്കുക


# കേരളത്തിലുടനീളം ഹെപ്പറ്റൈറ്റിസ് ബി പരിശോധന:നൂറു ദിന കാമ്പയിനുമായി ആസ്റ്റർ ലാബ്സ്

**തൃശൂർ :** കേരളത്തിലുടനീളം ഹെപ്പറ്റൈറ്റിസ് ബി പരിശോധനയുമായി ആസ്റ്റർ ലാബ്സ്.

' B Aware. B Negative' എന്ന പേരിലാണ് നൂറ് ദിന ക്യാമ്പയിന് ആസ്റ്റർ ലാബ്സ് തുടക്കം കുറിക്കുന്നത്. കേരളത്തിൽ നൂറിലധികം കേന്ദ്രങ്ങളുള്ള ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ കീഴിലുള്ള ആസ്റ്റർ ഫാർമസിയും, ആസ്റ്റർ ഹോസ്പിറ്റൽസ് കേരളയും ഈ ക്യാമ്പയിനിൽ സംയുക്തമായി പ്രവർത്തിക്കുന്നു. തൃശൂർ ജില്ലയിലെ എല്ലാ ആസ്റ്റർ ലാബുകളിലും പരിശോധനാസൗകര്യം ലഭ്യമാകും.ഏപ്രിൽ 19, ലോക കരൾ ദിനാചരണത്തോടനുബന്ധിച്ചാണ് ക്യാമ്പയിൻ ആരംഭിച്ചിരിക്കുന്നത്. ജൂലൈ 28, ലോക ഹെപ്പറ്റൈറ്റിസ് ദിനം വരെയാണ്

'B Aware. B Negative' തുടരുക. ഹെപ്പറ്റൈറ്റിസ് ബി (റാപ്പിഡ് കാർഡ് ടെസ്റ്റ്) പരിശോധന ആസ്റ്റർ ലാബ്സിന്റെ എല്ലാ ഔട്ട്ലെറ്റുകളിലും ലഭ്യമാണ്. ക്യാമ്പയിനിന്റെ ഭാഗമായി ആസ്റ്റർ ലാബ്സിന്റെ എല്ലാ ഔട്ട്ലെറ്റുകളിലും റാപ്പിഡ് കാർഡ് ടെസ്റ്റ് സൗജന്യമായി ചെയ്യാനുള്ള അവസരം ഉണ്ടാകും.കേരളത്തിലെ എല്ലാ ആസ്റ്റർ ലാബുകളിലും പരിശോധനാസൗകര്യം ലഭ്യമാണ്. പരിശോധനയിൽ പോസിറ്റീവ് ആണെന്ന് കണ്ടെത്തുന്ന രോഗികൾക്ക് കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റലുകളിൽ വിദഗ്ധ ഹെപ്പറ്റോളജിസ്റ്റുമാരുടെ സൗജന്യ കൺസൾട്ടേഷനും ലഭ്യമാക്കും.കൂടുതൽ വിവരങ്ങൾക്കായി ഈ നമ്പറിൽ ബന്ധപ്പെടുക : 8129081291.ഗുരുതര പ്രശ്നമാകുന്നതിന് മുമ്പ് ഇത്തരം അണുബാധകൾ കണ്ടെത്താനും പരിഹരിക്കാനും സഹായിക്കുകയാണ്

' B Aware. B Negative' ക്യാമ്പയിൻ ലക്ഷ്യമിടുന്നതെന്ന്, ഹെപ്പറ്റോബിലിയറി സർജറി, മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് സീനിയർ കൺസൾട്ടന്റ് ഡോ. മാത്യു ജേക്കബ് പറഞ്ഞു.വൈറൽ ഹെപ്പറ്റൈറ്റിസ് ബി എന്നത് അപകടകരമായ ഒരു അണുബാധയാണ്. ഇത് ശരിയായ പരിശോധനകളുടെ അഭാവം മൂലം മിക്ക ആളുകളിലും സാധാരണയായി ശ്രദ്ധിക്കപ്പെടാതെ പോകുന്നു. വിട്ടുമാറാത്ത രോഗമായി മാറുന്നതുവരെ ഭൂരിഭാഗം ആളുകളിലും രോഗലക്ഷണങ്ങൾ അനുഭവപ്പെടില്ല എന്നും ഡോ.മാത്യൂ ജേക്കബ് വ്യക്തമാക്കി.ആസ്റ്ററിന്റെ പുതിയ ക്യാമ്പയിൻ നൂറു കണക്കിന് പേരുടെ ജീവനും ആരോഗ്യവും സംരക്ഷിക്കാൻ ഉതകുന്നതാകുമെന്നാണ് പ്രതീക്ഷയെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിനു കീഴിലുള്ള കേരളത്തിലെ എല്ലാ സ്ഥാപനങ്ങളും ഈ നൂറ് ദിന ക്യാമ്പയിനിൽ കൈകോർക്കുന്നുണ്ട്.




# കൊച്ചി മാരത്തണിന് പിന്തുണയുമായി ടൂറിസം വകുപ്പ്

**കൊച്ചി:** മേയ് ഒന്നിന് നടക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി സഹകരിക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് തീരുമാനിച്ചു. കേരള പോലീസ്, കെഎംആർഎൽ, കോസ്റ്റ് ഗാർഡ്, ഇൻഫോപാർക്ക് കൊച്ചി, സ്മാർട്സിറ്റി കൊച്ചി, ആസ്റ്റർ മെഡ്സിറ്റി, ഐഎംഎ തുടങ്ങിയവയും ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി സഹകരിക്കുന്നുണ്ട്. 42.195 കിലോമീറ്റർ മാരത്തോൺ, 21.097 കിലോമീറ്റർ ഹാഫ് മാരത്തോൺ, 10 കിലോമീറ്റർ റൺ, 3 കിലോമീറ്റർ ഗ്രീൻ റൺ എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് മാരത്തൺ നടക്കുക.സംസ്ഥാന ടൂറിസം വകുപ്പിന്റെ പങ്കാളിത്തം മാരത്തണിന് കൂടുതൽ ജനപിന്തുണ ഉറപ്പാക്കുമെന്ന് ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ ശബരി നായർ, ബൈജു പോൾ, അനീഷ് പോൾ എന്നിവർ പറഞ്ഞു.കൊച്ചിയുടെ ടൂറിസം സാധ്യതകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള മികച്ച അവസരമായിരിക്കും ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ എന്നും അവർ അഭിപ്രായപ്പെട്ടു.മാരത്തണിൽ ടൂറിസം വകുപ്പിന്റെ പങ്കാളിത്തം കൊച്ചിയെ സ്പോർട്സ് ടൂറിസം ഡെസ്റ്റിനേഷനാക്കുന്നതിൽ വലിയ പങ്ക് വഹിക്കുമെന്ന് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ബിസിനസ് കൺസൾട്ടന്റ് വിപിൻ നമ്പ്യാർ പറഞ്ഞു. മാരത്തണിൽ പങ്കെടുക്കുന്നതിന് മറ്റ് സംസ്ഥാനത്ത് നിന്നുള്ളവരെയും വിദേശികളെയും ആകർഷിക്കുന്നതിന് ഈ പങ്കാളിത്തം സഹായകമാകും. പ്രാദേശിക സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ഇത് ഉത്തേജനം പകരുമെന്നും വിപിൻ നമ്പ്യാർ അഭിപ്രായപ്പെട്ടു. ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും

www.kochimarathon.in സന്ദർശിക്കുക.

# മെഡിക്കൽ പിജി ആസ്പിരന്റുകൾക്കായി അലൻ സൂപ്പർ ആപ്പ് പുറത്തിറക്കി

**കൊച്ചി:** പിജി മെഡിക്കൽ പ്രവേശനം കാംക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി രാജ്യത്തെ മെഡിക്കൽ കോച്ചിംഗ് രംഗത്തെ മുൻനിരക്കാരായ അലൻ അത്യാധുനിക പരീക്ഷാ തയാറെടുപ്പ് പ്ലാറ്റ്ഫോം അലൻ നെക്സ്റ്റ് ആപ്പ് പുറത്തിറക്കി. ആൽഫ, ബീറ്റ , ഡെൽറ്റ എന്നിങ്ങനെ മൂന്നു സമഗ്ര കോഴ്സ് പാക്കേജുകളിലൂടെ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതാണ് അലൻ നെക്സ്റ്റ് ആപ്പ് എന്ന് അലൻ നെക്സ്റ്റ് വെർട്ടിക്കിൾ ഹോൾ ടൈം എക്സിക്യൂട്ടീവ് അമൻ മഹേശ്വരി പറഞ്ഞു.വിദ്യാർത്ഥികൾക്ക് അവരുടെ തിരക്കേറിയ പ്രവർത്തനചര്യകൾക്കിടയിലും മെഡിക്കൽ പിജി പ്രവേശനത്തിനുള്ള പരീക്ഷാ തയ്യാറെടുപ്പ് പ്രക്രിയ ലളിതവും കൂടുതൽ പ്രാപ്യവുമാക്കുകയെന്നതാണ് അലൻ നെക്സ്റ്റ് ലക്ഷ്യം വച്ചിട്ടുള്ളതെന്നും തിരക്കേറിയ ഇൻറേൺഷിപ്പ് പ്രവർത്തനങ്ങൾക്കിടയിലും മികച്ച രീതിയിൽ നീറ്റ് പിജി, ഐഎൻഐ സെറ്റ്, എഫ് എംജിഇ പരീക്ഷകൾക്കു തയാറെടുക്കുവാൻ അവരെ സഹായിക്കുന്ന സമഗ്ര പദ്ധതിയാണ് അലൻ നെക്സ്റ്റ് ആപ്പ് എന്നും മഹേശ്വരി പറഞ്ഞു.ഓഫ് ലൈൻ ക്ലാസ്റൂം പഠനവും റിവിഷനും അടങ്ങുന്നതാണ് ആൽഫ കോഴ്സ്. എഴുന്നൂറിലധികം മണിക്കൂറുകൾ നീളുന്ന വീഡിയോ, ക്ലിനിക്കൽ വീഡിയോ, 200 മണിക്കൂറിലധികമുള്ള റിവിഷൻ വീഡിയോ, പതിനായിരത്തിലധികം ചോദ്യങ്ങൾ ഉൾപ്പെടുന്ന ക്വസ്റ്റ്യൻ ബാങ്ക്, ചെറുതും വലുതുമായ ഇരുന്നൂറിലധികം ടെസ്റ്റുകൾ തുടങ്ങിയവ ആൽഫ കോഴ്സിൽ ഉൾപ്പെടുന്നു. ഡിജിറ്റൽ, പ്രിൻറഡ് നോട്ടും ലഭ്യമാണ്.ഓൺലൈൻ പഠനത്തിനും റിവിഷനും ഉൾപ്പെടുന്ന ബീറ്റ കോഴ്സിൽ 700ലധികം മണിക്കൂറിലുള്ള വീഡിയോകളും ക്ലിനിക്കൽ സ്കിൽ വീഡിയോകളും ഉൾപ്പെടുന്നു. 200 മണിക്കൂറിലധികം ദൈർഘ്യമുള്ള റിവിഷൻ വീഡിയോ പതിനായിരത്തിലധികം ചോദ്യങ്ങൾ, 200ലധികം ടെസ്റ്റുകൾ, ഡിജിറ്റൽ, പ്രിൻറഡ് നോട്ടുകൾ തുടങ്ങിയവ ഈ പാക്കേജിൽ ഉൾപ്പെടുന്നു. പതിനായിരത്തിലധികം ചോദ്യങ്ങളും 200ലധികം ചെറുതും വലുതുമായ ടെസ്റ്റുകളുമാണ് ഡെൽറ്റ പാക്കേജിൽ ഉൾപ്പെടുന്നത്.ക്വിസ്, കൺസെപ്ചൽ വീഡിയോ, പരീക്ഷാ വിവരങ്ങൾ, വീഡിയോ ബാങ്ക് എന്നിവവഴി വിദ്യാർത്ഥികൾക്ക് അവരുടെ അറിവ് വർധിപ്പിക്കുന്ന വിധത്തിലാണ് ആപ്പിൻറെ രൂപകൽപ്പന. എഴുന്നൂറു മണിക്കൂറിലധികമുള്ള ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള ഉള്ളടക്കം ലഭ്യമാണ്.മുഖ്യ വീഡിയോ ഉള്ളടക്കത്തോടൊപ്പം എക്സ്ട്രാ എഡ്ജ് വീഡിയോ, ക്ളിനിക്കൽ വീഡിയോ, ക്ലിനിക്കൽവിഷയങ്ങൾ ആഴത്തിൽ പഠിക്കുവാൻ സഹായിക്കുന്ന പ്രായോഗിക വീഡിയോകൾ തുടങ്ങിയവയും ലഭ്യമാക്കിയിട്ടുണ്ട്. അവസാനനിമിഷ പഠനത്തിനു സഹായിക്കുന്ന 200 ലധികം വീഡിയോകൾ, എംസിക്യൂ ചർച്ചാ വീഡിയോ, ഇമേജ് ഡിസ്കഷൻ വീഡിയോ തുടങ്ങിയവ ഇവയുടെ സവിശേഷതകളാണ്.കൂടാതെ വിദ്യാർഥികൾക്ക് രാജ്യത്തെ അലൻ സെൻററുകൾ വഴി കംപ്യൂട്ടറൈസ്ഡ് ഓഫ് ലൈൻ സബ്ജക്ട് ടെസ്റ്റുകളിൽ പങ്കെടുക്കാം.പ്ലേസ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവയിൽനിന്ന് അലൻ നെക്സ്റ്റ് ആപ്പ് ഡൗൺലോഡ് ചെയ്യാം. കൂടാതെ, അലൻ നെക്സ്റ്റ് ഓഫ്ലൈൻ സെൻററുകൾ ഉടൻ രാജ്യത്തുടനീളം ആരംഭിക്കും. ഇത് വിദ്യാർത്ഥികൾക്ക് ക്ലാസ് റൂം പഠനത്തിനുള്ള അവസരം നൽകുന്നുവെന്നും അമൻ മഹേശ്വരി പറഞ്ഞു.

# ആൾട്രോസ് ഐസിഎൻജിയുമായി ടാറ്റാ മോട്ടേഴ്സ്



**കൊച്ചി:** സിഎൻജി വിപണിയെ വിപ്ലവവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ ഇരട്ട സിലിണ്ടർ സിഎൻജി സാങ്കേതികവിദ്യയായ ആൾട്രോസ് ഐസിഎൻജി പുറത്തിറക്കാൻ തയ്യാറെടുക്കുകയാണ് ടാറ്റാ മോട്ടോർസ്. പ്രീമിയം ഹാച്ച്ബാക്കായ ടാറ്റാ ആൾട്രോസ് അതിന്റെ ഐസിഎൻജി എന്ന ഏറെക്കാലം കാത്തിരുന്ന പുതിയ അവതാരത്തിന്റെ ബുക്കിങ്ങിനും തുടക്കം കുറിക്കുകയാണ്. ഇന്ത്യയിൽ പെട്രോൾ, ഡീസൽ കാറുകൾക്ക് സമാനമായി സിഎൻജി കാറുകൾക്കും സ്വീകാര്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് ടാറ്റാ മോട്ടോർസിനുള്ളതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഓട്ടോ എക്സ്പോ 2023ൽ ഇക്കഴിഞ്ഞ ജനുവരിയിലാണ് ആൾട്രോസ് ഐസിഎൻജി ആദ്യമായി പുറം ലോകം കാണുന്നത്. ഇന്ത്യയുടെ ആദ്യത്തെ ഇരട്ട സിലിണ്ടർ സിഎൻജി സാങ്കേതികവിദ്യ എന്ന നിലയിൽ ഉപഭോക്താക്കളിൽ നിന്നും വൻ പ്രതികരണമാണ് അതിന് ലഭിച്ചത്. സിഎൻജി ഉടമകൾക്ക് ബൂട്ട്സ്പേസ് അക്ഷരാർത്ഥത്തിൽ ഉപയോഗിക്കുവാൻ അവസരം നൽകുന്ന ഒരു വിപ്ലവാത്മകമായ സാങ്കേതികവിദ്യയാണ് ഇത്. ആൾട്രോസ് ഐസിഎൻ ജി 21,000 രൂപ നൽകി കൊണ്ട് ഉപഭോക്താക്കൾക്ക് ഇപ്പോൾ ബുക്ക് ചെയ്യാവുന്നതാണ്. 2023 മെയ് മാസത്തിൽ ഡെലിവറി ആരംഭിക്കുന്നതോടെ ടാറ്റാ മോട്ടോർസിന്റെ മൾട്ടിപവർ ട്രെയ്ൻ തന്ത്രത്തിന്റെ വിജയത്തിന് ശക്തമായ ഒരു സാന്നിദ്ധ്യമായി മാറുകയാണ് ആൾട്രോസ് ഐസിഎൻജി. ഇപ്പോൾ ആൾട്രോസ് റേഞ്ചിൽ നാലാമത്തെ പവർ ട്രെയ്ൻ ആയി മാറിയിരിക്കുകയാണ് ഈ കാർ.

Society Today | സൊസൈറ്റി ടുഡേ

# മോട്ടോർസൈക്കിൾ അക്സസറീസ് ഉൽപ്പാദന രംഗത്തേക്ക് അഞ്ച് യുവ സംരഭകർ

**കൊച്ചി:** കോളജ് കാലത്തെ മോട്ടോർസൈക്കിൾ റേസിങ്, സാഹസിക റൈഡിങ് അഭിനിവേശത്തിൽ തുടങ്ങി ഇന്ത്യയിലെ മുൻനിര മോട്ടോർസൈക്കിൾ അക്സസറീസ് വിൽപ്പനക്കാരും 40ലേറെ രാജ്യങ്ങളിൽ വിതരണക്കാരുമായി മാറിയ അഞ്ച് യുവ സംരഭകർ പുതിയ വിജയഗാഥകൾ തീർത്ത് ഉൽപ്പാദന രംഗത്തേക്കും ചുവട് വയ്ക്കുന്നു. പ്രൊഫഷനൽ റേസിംഗ്, സ്റ്റണ്ട് ഷോ, സാഹസിക റൈഡിംഗ്, ടൂറിംഗ്, പരിശീലനം എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന മോട്ടോർസൈക്കിൾ റേസിങ് അനുഭവ സമ്പത്തുള്ള മുർഷിദ് ബഷീർ, വിനു വി.എസ്, അനു വി.എസ്, ഷിഹാസ്, മഹേഷ് വി.എം എന്നീ ആദ്യ തലമുറ സംരംഭകർ ചേർന്നാണ് തൃശൂർ ആസ്ഥാനമായി 2014ലാണ് ബാൻഡിഡോസ് ഗ്രൂപ്പിനു തുടക്കമിട്ടത്. ബാൻഡിഡോസ് പിറ്റ്സ്റ്റോപ്പ് എന്ന പേരിൽ മോട്ടോർസൈക്കിൾ ഗിയറുകളുടേയും അക്സസറികളുടെ റീട്ടെയ്ൽ സ്റ്റോറിലായിരുന്നു തുടക്കം. വൈകാതെ ഓൺലൈൻ സ്റ്റോറും തുടങ്ങി. ചുരുങ്ങിയ കാലയളവിനുള്ളിൽ ഇന്ത്യയിലുടനീളം നിരവധി ഉപഭോക്താക്കളെ നേടിയ കമ്പനി അക്സസറികളുടെ മൊത്തവിതരണത്തിലേക്കും വൈകാതെ പ്രവേശിച്ചു. ചുരുങ്ങിയ കാലം കൊണ്ട് മിഡ് റേഞ്ച്, പ്രീമിയം മോട്ടോർസൈക്കിൾ അക്സസറികളുടെ ഇന്ത്യയിലെ മുൻനിര വിൽപ്പന കേന്ദ്രമായി ബാൻഡിഡോസ് മാറി. ഇപ്പോൾ ഗുണമേന്മയുള്ള ഏറ്റവും പുതിയ അക്സസറികളുടെ ഉൽപ്പാദനത്തിനാണ് ഇവർ തുടക്കമിട്ടിരിക്കുന്നത്. മെറ്റൽവേഴ്സ് എന്ന പേരിലുള്ള ഇവരുടെ പുതിയ മാനുഫാക്ചറിങ് യൂനിറ്റ് കോയമ്പത്തൂരിലാണ് പ്രവർത്തനം ആരംഭിച്ചത്.യാതൊരു ബിസിനസ് പശ്ചാത്തലവുമില്ലാത്ത അഞ്ചു പേരിൽ നിന്ന് തുടങ്ങിയ സംരംഭം ഇന്ന് 300 ജീവനക്കാരോടെ ഇന്ത്യയിലെ മുൻനിര മോട്ടോർസൈക്കിൾ അക്സസറീസ് വിൽപ്പന കമ്പനികളിലൊന്നാണ്. 2025ഓടെ ഇന്ത്യയിലുടനീളം സാന്നിധ്യം ശക്തമാക്കുന്നതിനു പുറമെ വിദേശ വിപണിയിലും ചുവടുറപ്പിക്കുകയാണ് ലക്ഷ്യമെന്ന് ബാൻഡിഡോസ് ഗ്രൂപ്പ് ഫൗണ്ടർ ഡയറക്ടറും ചീഫ് മാർക്കറ്റിങ് ഓഫീസറുമായ മുർഷിദ് ബഷീർ പറഞ്ഞു.റൈഡർമാർക്ക് സ്വന്തമായി ഇൻസ്റ്റാൾ ചെയ്യാൻ കഴിയുന്ന തനത് ഡിസൈനുകളും കസ്റ്റമൈസ് ചെയ്ത അക്സസറികളുമാണ് മെറ്റൽവേഴ്സ് നിർമിക്കുന്നത്. ഇന്ത്യയ്ക്കു പുറമെ രാജ്യാന്തര വിപണയിലേക്കുള്ള കയറ്റുമതിയും ലക്ഷ്യമിടുന്നു. റൈഡർമാരുടെ സുരക്ഷയ്ക്കൊപ്പം മോട്ടോർസൈക്കിളുകളുടെ സുരക്ഷ വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രീമിയം ഗുണനിലവാരമുള്ള അക്സസറികൾ നിർമിക്കുന്നതിലാണ് മെറ്റൽവേഴ്സ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.സുരക്ഷിതത്വത്തിനും പ്രീമിയം ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾക്കും മുൻഗണന നൽകുന്ന വിപണികളെ ലക്ഷ്യമിട്ടാണ് ഉൽപ്പാദനം. രാജ്യാന്തര വിപണിയിലേക്കുള്ള കയറ്റുമതിയും പദ്ധതിയിലുണ്ട്.




മോട്ടോർസൈക്കിൾ റേസിംഗ് രംഗത്തെ അനുഭവപരിചയവും പ്രീമിയം ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളോടുള്ള അഭിനിവേശവുമാണ് മറ്റുള്ളവരിൽ നിന്ന് തങ്ങളെ വ്യത്യസ്തരാക്കുന്നതെന്ന് ബാൻഡിഡോസ് ഗ്രൂപ്പ് സിഇഒ ശരത് സുശീൽ പറഞ്ഞു.നൂതന സംവിധാനങ്ങളുള്ള റിസർച് ആന്റ് ഡെലവപ്മെന്റ് വിഭാഗമാണ് മെറ്റവേഴ്സിന്റെ ഏറ്റവും വലിയ സവിശേഷത. വിപണിയിലെത്തുന്ന ഏറ്റവും പുതിയ മോട്ടോർസൈക്കിളുകളിൽ ഓരോ മോഡലിനും സവിശേഷമായ ഡിസൈനുകൾ വികസിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യം മെറ്റൽവേഴ്സിനുണ്ട്. റൈഡർമാരുടെ മുൻഗണനകൾക്കനുസരിച്ച് ബൈക്കുകൾ ഇഷ്ടാനുസരണം കസ്റ്റമൈസ് ചെയ്യാനും ഇത് സഹായിക്കുന്നുവെന്ന് ബാൻഡിഡോസ് ഗ്രൂപ്പ് സിഒഒ അരുൺ വാസുദേവപറഞ്ഞു.നൂതന സംവിധാനങ്ങളുള്ള റിസർച് ആന്റ് ഡെലവപ്മെന്റ് വിഭാഗവും മെറ്റൽവേഴ്സിനുണ്ട്. വിപണിയിലെത്തുന്ന ഏറ്റവും പുതിയ മോട്ടോർസൈക്കിളുകളിൽ ഓരോ മോഡലിനും സവിശേഷമായ ഡിസൈനുകൾ വികസിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യം മെറ്റൽവേഴ്സിനെ വേറിട്ടു നിർത്തുന്നു. റൈഡർമാരുടെ മുൻഗണനകൾക്കനുസരിച്ച് ബൈക്കുകൾ ഇഷ്ടാനുസരണം കസ്റ്റമൈസ് ചെയ്യാനും ഇത് അവരെ പ്രാപ്തരാക്കുന്നു.

# സൗരോർജ്ജ നിലയം തുറന്നു

**തിരുവനന്തപുരം:** അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ നാറ്റ്പാക്ക് സ്ഥാപിച്ച 20 കിലോവാട്ട് സൗരോർജ നിലയത്തിന്റെ ഉദ്ഘാടനം വൈദ്യുത വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി നിർവഹിച്ചു. സംസ്ഥാനത്ത് സൗരോർജ്ജ മേഖലയിൽ വൻമാറ്റമാണ് വന്നുകൊണ്ടിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. 97 പട്ടികജാതി കോളനികളിൽ സോളാർ വൈദ്യുതി എത്തിക്കാനുള്ള ശ്രമത്തിലാണ് വൈദ്യുതി വകുപ്പ്. കാർഷിക മേഖലയിൽ വൈദ്യുതി എത്താത്ത ഇടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാനുള്ള ശ്രമവും നടക്കുകയാണെന്ന് മന്ത്രി പറഞ്ഞു.എനർജി മാനേജ്മെൻറ് സെൻററിന്റെ സാങ്കേതിക സഹായത്തോടെ നാറ്റ്പാക്ക് തയ്യാറാക്കിയ എനർജി ഓഡിറ്റ് റിപ്പോർട്ട് ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു. പരിപാടിയുടെ ഭാഗമായി 'സുസ്ഥിര ഗതാഗതത്തിനായി ശുദ്ധവും ഹരിതവുമായ ഊർജ്ജം' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ആക്കുളം കൗൺസിലർ സുരേഷ് കുമാർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എംസി ദത്തൻ, ഡയറക്ടർ പ്രൊഫസർ സാംസൻ മാത്യു, അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നരേന്ദ്രനാഥ് വേലൂരി, കെഎസ്ഇബി റിന്യൂവൽ എനർജി ആൻഡ് എനർജി സേവിങ് ചീഫ് എൻജിനീയർ സജീവ് ജി. തുടങ്ങിയവർ പങ്കെടുത്തു.

# ഭാരം കുറഞ്ഞ പുതിയ നോട്ട്ബുക്കുകളുമായി എച്ച് പി

കൊച്ചി: ഏറ്റവും പുതിയതും ഭാരം കുറഞ്ഞതുമായ പവലിയൻ പ്ലസ് നോട്ടുബുക്കുകൾ എച്ച് പി അവതരിപ്പിച്ചു.എച്ച് പി 14, എച്ച് പി 15 എന്നീ നോട്ടുബുക്കളാണ് എച്ച് പി പുതിയതായി പുറത്തിറക്കിയിരിക്കുന്നത്. പഠിക്കാനും ഗെയിം കളിക്കാനുമുള്ള പുതിയ പ്രീമിയം ഫീച്ചറുകളും ഇതിന്റെ പ്രത്യേകതയാണ്. പവലിയൻ പ്ലസ് 14 ന് വെറും 1.4കിലോഗ്രാം ഭാരമാണുള്ളത്. എച്ച് പി 15ന്റെ ഭാരം 1.6 കിലോഗ്രാമാണ്.പുതിയ പവലിയൻ ശ്രേണിക്ക് ഇന്റൽ 13 ജനറേഷൻ പ്രോസസറാണുള്ളത്. പവലിയൻ എക്സ് 360 നിർമ്മിച്ചിരിക്കുന്നത് 360ഡിഗ്രി ക്രമീകരിക്കാവുന്ന ഹിഞ്ച്, ടച്ച് സ്ക്രീൻ, മൾട്ടിടാക്സിങിനായി ഒന്നിലധികം പോർട്ടുകൾ എന്നിവ ഉപയോഗിച്ചാണ്. പുതിയ എച് പി 14, എച്ച് 15 എന്നിവ എഫ്എച്ച്ഡി ക്യാമറ, ക്യുഎച്ച്ഡി ഡിസ്‌പ്ലേ, ഫിംഗർപ്രിന്റ് റീഡർ എന്നി



വയുമായാണ് വരുന്നത്. എച്ച്പി 14,15സീരീസ് ഇന്ത്യയിലെ ഏറ്റവും ജനപ്രിയവും ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്നതുമായ നോട്ട്ബുക്കുകളാണ്. ഫുൾ ഫംഗ്ഷൻ യുഎസ്ബിസി പോർട്ടുകൾ, യുഎസ്ബി സി പവർ അഡാപ്റ്റർ സപ്പോർട്ട്, എച്ച്ഡിഎംഐ, ഹെഡ്ഫോൺ ജാക്ക് എന്നിവയോടൊപ്പം അവരുടെ ടെക്ക് ഇക്കോസിസ്റ്റം സുഗമമായി സംയോജിപ്പിക്കാൻ കഴിയുന്ന ഒന്നിലധികം പോർട്ട് ഓപ്ഷനുകളും എച്ച് പി 14 നൽകുന്നു. എച്ച് പി പവലിയൻ എക്സ് 360 14 ലാപ്പ്ടോപ്പിൽ മാനുവൽ ക്യാമറ ഷട്ടർ ഡോർ സജ്ജീകരിച്ചിട്ടുണ്ട്.നാച്ചുറൽ സിൽവർ, റോസ് ഗോൾഡ്,വാംഗോൾഡ്, സ്പ്രൂസ് ബ്ലൂ എന്നീ നിറങ്ങളിലാണ് പവലിയൻ ശ്രേണിയിലുള്ള ലാപ്ടോപ്പുകൾ പുറത്തിറങ്ങിയിരിക്കുന്നത്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ പരിഗണിച്ച് മൾട്ടി ടച്ച്, നിരവധി പോർട്ടുകൾ എന്നിവ ഉൾപ്പെടെ ഒതുക്കമുള്ളതും യാത്രയിൽ കൊണ്ടുപോകാൻ കഴിയുന്നതുമായ നോട്ട്ബുക്കുകളാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് എച്ച്പി ഇന്ത്യയുടെ പേഴ്സണൽ സിസ്റ്റംസ് സീനിയർ ഡയറക്ടർ വിക്രം ബേഡി പറഞ്ഞു. റീസൈക്കിൾ ചെയ്ത ഓഷ്യൻ ബൗണ്ട് പ്ലാസ്റ്റിക്കാണ് ലാപ‌്ടോപ്പ് നിർമാണത്തിന് ഉപയോഗിച്ചിരിക്കുന്നത്. എച്ച് പി 14ന് 39,999 രൂപയാണ് പ്രാരംഭ വില. എച്ച് പി പവലിയൻ എക്സ് 360ക്ക് 57,999 രൂപയും എച്ച് പി പവലിയൻ പ്ലസ് 14 ന് 81, 999 രൂപയാണ് പ്രാരംഭ വിലകൾ

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663